ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം

# ഡയറ്റ് ആലപ്പുഴ

BASED ON FOCUS AREA



# നിറകതിർ 2021

## SSLC റിവിഷൻ സഹായി

പൊതുപരീക്ഷക്കായി കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

മലയാളം

# ആമുഖം

പത്താംതരം വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായ സംശയ നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ,കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ ജില്ലയിലെ വിദ്യാലയങ്ങൾ സജീവമായിരിക്കുകയാണ്.ആലപ്പുഴ ഡയറ്റ് നടത്തിയ വിദ്യാലയ സന്ദർശനങ്ങളുടെ ഭാഗമായി അധ്യാപകർ,രക്ഷിതാക്കൾ, ജനപ്രതിനിധികൾ തുടങ്ങിയവരുമായി നടത്തിയ ചർച്ചയിൽ പത്താംതരം പൊതു പരീക്ഷയുടെ റിവിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്ന ഒരു വായനാ സാമഗ്രിയുടെ ആവശ്യകത പരക്കെ ഉന്നയിക്കപ്പെടുകയുണ്ടായി .പൊതു പരീക്ഷയിൽ പ്രത്യേക ഊന്നൽ നൽകേണ്ട പാഠഭാഗങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുമുണ്ട്. ഈ പശ്ചാത്തലത്തിലാണ് നിറകതിർ 2021, എസ്.എസ്.എൽ.സി റിവിഷൻ സഹായി ആലപ്പുഴ ഡയറ്റ് തയ്യാറാക്കി പുറത്തിറക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള വിവിധ വിഷയങ്ങളുടെ ഊന്നൽമേഖലകളാണ് ഇതിലെ പ്രതിപാദ്യം. വിദ്യാർത്ഥികൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്നതിന് ഇത് ഉപകരിക്കും. ഊന്നൽ മേഖലകൾ നിശ്ചയിച്ചിരിക്കുന്നതു തന്നെ ഉപരിപഠനത്തിന് സഹായകമായ പാഠഭാഗങ്ങളെ മുൻനിർത്തിയാണല്ലോ? എന്നിരുന്നാലും പാഠഭാഗങ്ങൾ പൂർണ്ണമായി മനസ്സിലാക്കാനും പൊതു പരീക്ഷക്കു സഹായകമായി ഈ ഊന്നൽ മേഖലകൾ കേന്ദ്രീകരിച്ചുള്ള പഠനം നിർവ്വഹിക്കാനും ശ്രദ്ധിക്കണം.
വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ വ്യത്യസ്ത വിഷയങ്ങളിൽ ഈ വായനാ സാമഗ്രി തയ്യാറാക്കാൻ കഴിഞ്ഞത് ജില്ലയിലെ അധ്യാപകരുടെ ആത്മാർത്ഥമായ പരിശ്രമം കൊണ്ടു മാത്രമാണ്. ഡയറ്റിൻ്റെ എല്ലാ പ്രവർത്തനങ്ങളിലും ജില്ലയിലെ അധ്യാപകരും, വിദ്യാഭ്യാസ പ്രവർത്തകരും നൽകി വരുന്ന പിന്തുണ ഇതിൻ്റെപ്രവർത്തനത്തിലും ഉണ്ടായിട്ടുണ്ട്. പത്താംതരം പൊതു പരീക്ഷയെ മികച്ച ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ **നിറകതിർ 20 -21** സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.ഈ സംരംഭത്തെ സഹായിച്ച എല്ലാവർക്കും നന്ദി.

**മിനി ബഞ്ചമിൻ**
**പ്രിൻസിപ്പൽ ഇൻ ചാർജ്ജ്**

**ഡയറ്റ് ആലപ്പുഴ**

**എം. അജയകുമാർ**
**സീനിയർ ലക്ചറർ**
**ഫാക്കൽറ്റി ഓഫ് ഐ.എഫ്.ഐ.സി**
**ഡയറ്റ് ആലപ്പുഴ**

**(കോഡിനേറ്റർ)**

## ശില്പശാലയിൽ പങ്കെടുത്തവർ

**ഡോ.മുരാരിശംഭു**

**ലക്ചറർ,ഡയറ്റ് ആലപ്പുഴ**

**ജി.മണി**

**ഗവ.ടി.ടി.ഐ, ആലപ്പുഴ**


**സ്റ്റാലിൻ.കെ.ജെ**

**ഗവ.ഹയർ സെക്കന്ററി സ്കൂൾ,ആര്യാട്**

**രജിത്കുമാർ.റ്റി.എൻ**

**ജെ.എം.എച്ച്.എസ്.കോട്ടുകുളഞ്ഞി**

# കേരളപാഠാവലി

| യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|
| കാലാതീതം കാവ്യ വിസ്മയം |  *ലക്ഷ്മണസാന്ത്വനം |
| |  *ഋതുയോഗം |
| |  *പാവങ്ങൾ |
| അനുഭൂതികൾ ആവിഷ്കാരങ്ങൾ |  *വിശ്വരൂപം |
| |  *പ്രിയദർശനം |
| |  *കടൽത്തീരത്ത് |

# കാലാതീതം കാവ്യവിസ്മയം
# ലക്ഷ്മണ സാന്ത്വനം
# എഴുത്തച്ഛൻ

ശ്രീരാമന്റെ പട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ് അത്യന്തം കോപിഷ്ഠനായ ലക്ഷ്മണനെ ജ്യേഷ്ഠൻ ഉപദേശിക്കുന്നു . ശ്രീരാമനോടുള്ള സ്നേഹം നിമിത്തമാണ് ലക്ഷ്മണൻ ഇത്തരത്തിൽ വൈകാരികമായി പ്രതികരിച്ചതെന്ന് ശ്രീരാമനറിയാം. മനുഷ്യജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചും സുഖങ്ങളുടെ അർത്ഥ രാഹിത്യത്തെക്കുറിച്ചും ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്നു. ബന്ധങ്ങൾ അല്പകാലത്തേക്ക് മാത്രമേയുള്ളൂ. ഈ ശരീരം കണ്ടിട്ടുള്ള അഹങ്കാരം നന്നല്ല . മദമാൽസര്യങ്ങൾ ഉപേക്ഷിച്ച് തന്റെ വാക്കു കേൾക്കുവാൻ രാമൻ ലക്ഷ്മണനോട് ആവശ്യപ്പെടുന്നു. രാജ്യദേഹാദികൾ സത്യമല്ല. ദൃശ്യമായതൊന്നും സത്യമല്ല .ബന്ധുമിത്രാദികളുമായുള്ള ബന്ധം അൽപ കാലത്തേക്ക് മാത്രമേയുള്ളൂ . വഴിയാത്രക്കാരന് സത്രം പോലെയും നദിയിലെ തടിക്കഷണം പോലെയുമാണ് മനുഷ്യന് വീടുമായുള്ള ബന്ധം. മനുഷ്യൻ അഹങ്കരിക്കുന്ന ശരീരം ജന്തുക്കൾക്ക് ഭക്ഷണമോ ചാരമോ, മണ്ണിൽ കൃമികളായോ മാറാനുള്ളതാണ്. അതിമോഹം ആപത്താണ്. ജീവിതത്തോട് താല്പര്യമുണ്ടാക്കുന്നത് അറിവില്ലായ്മ മൂലമാണ് . മനുഷ്യൻ ക്രോധം ഉപേക്ഷിക്കണം.

### ഒരു മാർക്ക് ചോദ്യങ്ങൾ

1. എഴുത്തച്ഛൻ സ്വപ്ന സമാനം എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

   ഉ - മനുഷ്യന് ലഭിക്കുന്ന കളത്ര സുഖത്തെ.

2. "പുത്രമിത്രാർത്ഥകളത്രാദി സംഗമം " - എന്ന വരി

   പുത്ര, മിത്ര ,അർത്ഥം,കളത്രം,ആദി, സംഗമം. എന്ന്എഴുതാമെങ്കിൽ

   "വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാം" എന്ന വരി എങ്ങനെ എഴുതാം?

   ഉ - വഹ്നി ,സന്തപ്ത, ലോഹസ്ഥ ,അംബു, ബിന്ദു

3. "ക്ഷണപ്രഭാചഞ്ചലം" വിഗ്രഹിച്ചെഴുതുമ്പോൾ ?

   ഉ - ക്ഷണപ്രഭപോലെ ചഞ്ചലം ആയത്.

4. "വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ

   സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം " എന്ന വരികളിലൂടെ സൂചിതമാകുന്ന ആശയം എന്ത് ?

   ഉ – ജീവിതത്തിന്റെ ക്ഷണികത

5. ദോഷങ്ങളൊക്കെ ദേഹാഭിമാനികൾക്ക് വന്നുചേരുന്നത് എന്തിന്റെ ഫലമായിട്ടാണ് ?

ഉ - രോഷം മൂലം.

**2 മാർക്ക് ചോദ്യങ്ങൾ**

1. 'നന്നല്ല ദേഹം നിമിത്തം മഹാമോഹം '
ഈ വരികൾക്ക് അടിസ്ഥാനമെന്ത് ?

ഉ - അഹം ബുദ്ധി കൊണ്ട് മനുഷ്യർ ബ്രാഹ്മണരെന്നു രാജാവെന്നും പണ്ഡിതരെന്നും അഹങ്കരിക്കുന്നു. എന്നാൽ ഈ ശരീരം ജന്തുക്കൾ ഭക്ഷിച്ചു കൃമികളായി മാറാനുള്ളതാണ്. അതിനാൽ നന്നല്ല ദേഹം നിമിത്തം മഹാ മോഹം.

2. രാഗാദി സങ്കുലമായുള്ള സംസാരമാകെ നിരൂപിക്കിൽ <u>സ്വപ്നതുല്യം സഖേ!</u>
അടിവരയിട്ട പ്രയോഗം നൽകുന്ന സവിശേഷമായ അർത്ഥമെന്ത് ?
ഉ - അനുരാഗപൂർണ്ണമായ ജീവിതം വളരെവേഗം കടന്നുപോകുന്നു. അവയൊന്നും യാഥാർഥ്യമല്ല . സ്വപ്നം പോലെയാണ് ജീവിതം.

3. "നദ്യാമൊഴുകുന്ന കഷ്ഠങ്ങൾ
പോലെയുമെത്രയും ചഞ്ചലമാലയസംഗമം"
ചഞ്ചലം എന്ന വാക്ക് സന്ദർഭത്തിന് എത്രമാത്രം അനുയോജ്യമാണെന്ന് കണ്ടെത്തുക
ഉ - നദിയിലൂടെ ഒഴുകുന്ന തടിക്കഷണങ്ങൾ പോലെ സത്രത്തിൽ ഒത്തുചേരുന്ന മനുഷ്യരുടെ സംഗമം താല്ക്കാലികമാണ്.

<u>4 മാർക്ക്ചോദ്യങ്ങൾ</u>

5. നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ വീർപ്പുമാത്രമുണ്ടിങ്ങനെ കാണുന്നു.
ഓർത്തിരിയാതെ പാടുപെടുന്നേരം നേർത്തുപോകുമതെന്നേ പറയാവൂ .

(ജ്ഞാനപ്പാന , പൂന്താനം)

"വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദു നാ
സന്നിഭം മർത്യ ജന്മം ക്ഷണഭംഗുരം."

(ലക്ഷ്മണ സാന്ത്വനം)

വരികൾ താരതമ്യം ചെയ്ത് കുറിപ്പ് എഴുതുക?

ഉത്തര സൂചനകൾ
#. ഇരു കാവ്യ സന്ദർഭങ്ങളും മനുഷ്യജീവിതത്തിന്റെ ക്ഷണികതയെപ്പറ്റി പരാമർശിക്കുന്നു.

#. ജീവിതം ജലത്തിലെ കുമിളകൾ പോലെയാണ്

#. ചുട്ടുപഴുത്ത ലോഹത്തിൽ വീണ ജലത്തിന്റെ അവസ്ഥയാണ് മനുഷ്യജീവിതത്തിന്

6. "നിന്നാലസാധ്യമായില്ലൊരു കർമ്മവും
നിർണയമെങ്കിലുമൊന്നിതു കേൾക്ക നീ "
ജീവിതത്തിന്റെ നശ്വരതയെ ചൂണ്ടിക്കാണിക്കാൻ ശ്രീരാമൻ ലക്ഷ്മണനോട് എന്തെല്ലാം കാര്യങ്ങളാണ് ഉപദേശിക്കുന്നത് ?

ഉത്തര സൂചനകൾ

#. പ്രപഞ്ചം , രാജ്യം, ധാന്യം, ധനം എന്നിവ എപ്പോഴും നിൽക്കുന്നവയല്ല.

#. സുഖഭോഗങ്ങൾ മിന്നൽപിണർ പോലെ ക്ഷണികമാണ്

#.ജീവിതം മുഴുവൻ ഒരു സ്വപ്നം പോലെയാണ്.

7. സംസാരകാരിണിയായതവിദ്യയും സംസാരനാശിനിയായതു വിദ്യയും
അറിവ് എല്ലാ ദുഃഖങ്ങളെയും ഇല്ലാതാക്കുമെന്ന ആശയം എത്രമാത്രം ശരിയാണെന്ന് വിലയിരുത്തുക?

ഉത്തര സൂചന

#.ശരിയായആറിവ് നമ്മേ ജീവിതത്തിൽ മുന്നോട്ട് ലയിക്കുന്നു.

#.പൂർണ്ണമല്ലാത്ത അറിവുകൾ ജീവിതത്തിൽ പരാജയങ്ങൾക്ക് കാരണമാകുന്നു.

#. ശരിയായആറിവ് നേടിയാൽ മാത്രമേ ദുഃഖങ്ങളെ ഇല്ലാതാക്കാൻ കഴിയൂ

8. "വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്യ ജന്മം ക്ഷണഭംഗുരം"
ജീവിതത്തിന്റെ ക്ഷണികതയെ വ്യാഖ്യാനിക്കാൻ വരികൾക്ക് എത്ര മാത്രം കഴിയുന്നുണ്ട് ?

ഉത്തര സൂചനകൾ

#. മനുഷ്യ ജീവിതം ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണ ജലത്തിന്റ അവസ്ഥ പോലെ

#. മനിഷ്യബന്ധങ്ങളെല്ലാം അല്പ കാലം മാത്രം

#. നിസ്സാരമായ ജീവിതം അർത്ഥപൂർണമാക്കാൻ ശ്രമിക്കുക .

## 6. മാർക്ക് ചോദ്യം

9. ലക്ഷ്മണസാന്ത്വനം എന്ന ഭാഗത്ത് ലോകത്തെ മുഴുവൻ ഉപദേശിക്കുന്ന മഹാനായ ആചാര്യനയാണ് നമുക്ക് കാണാൻ കഴിയുന്നത് . പാഠഭാഗത്തെ അടിസ്ഥാനമാക്കി എഴുത്തച്ഛന്റെ തത്ത്വചിന്ത പ്രതിഫലിക്കുന്ന ഉപന്യാസം തയ്യാറാക്കുക?

ഉത്തര സൂചനകൾ

# തത്വചിന്തയും ഭക്തിയും ഇടകലർന്ന കിടക്കുന്ന ലക്ഷ്മണസാന്ത്വനം ഏറെ പ്രസിദ്ധമായ ഭാഗമാണ്.

#. ലക്ഷ്മണനെ സാന്ത്വനിപ്പിക്കാൻ ശ്രീരാമൻ അരുളിച്ചെയ്ത വാക്കുകൾ ലോക ജനതയോടുള്ള എഴുത്തച്ഛൻ ഉപദേശം തന്നെയാണ്.

#. കാമം ക്രോധം ലോഭം മോഹം മദം മത്സരം എന്നിവയിൽ നിന്ന് രക്ഷ നേടിയാൽ മാത്രമേ മനുഷ്യൻ മോക്ഷം ലഭിക്കുകയുള്ളൂ.

........................................

# പാവങ്ങൾ
## രചന -വിക്ടർ ഹ്യൂഗോ
## വിവർത്തനം - നാലപ്പാട്ട് നാരായണമേനോൻ

ലോക സാഹിത്യത്തിലെ നിത്യവിസ്മയമായ നോവലാണ് പാവങ്ങൾ .1862 ൽ വിക്ടർ ഹ്യൂഗോ "ലസ് മിസറബിൾസ്" ഫ്രഞ്ച് ഭാഷയിൽ എഴുതി..1925 ൽ നാലാപ്പാട്ട് നാരായണ മേനോൻ "പാവങ്ങൾ " എന്ന പേരിൽ ലസ് മിസറബിൾസ് മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തിയിരുന്നു. ഫ്രാൻസിൽ പ്രസിദ്ധീകരിച്ച അന്ന് തന്നെ വിറ്റഴിഞ്ഞിരുന്ന ഈ ബൃഹത്തായ നോവൽ മലയാളത്തിൽ അവതരിച്ചപ്പോൾ അന്നത്തെ തലമുറയും തുടർന്നുള്ള തലമുറയും പുസ്തകത്തെ സസന്തോഷം നെഞ്ചിലേറ്റിയതിൽ ഒട്ടും തന്നെ അതിശയമില്ലായിരുന്നു. പാവങ്ങൾ വായിക്കാത്തവൻ എന്ത് പണ്ഡിതൻ എന്ന മട്ടിലായിരുന്നു ഒരു കാലത്തെ വായനാ സമൂഹം. ഇന്നും ആ കാഴ്ചപ്പാട് തുടരുന്നു. കാരണം ഈ നോവലിലെ നായകൻ ഇന്നും ജീവിക്കുന്നുണ്ട്. ഈ ഭൂമുഖത്ത് പാവപ്പെട്ട മനുഷ്യർ നാളെയും കാണുമെന്നതിനാൽ കഥയിലെ നായകന് മരണമില്ലാ എന്നും പറയാം.

സ്നേഹവും കരുണയും വറ്റിയിട്ടില്ലാത്ത ഒരു ലോകത്തിനായ് പരിശ്രമിക്കുന്നവർക്കും,കാത്തിരിക്കുന്നവർക്കും, പണ്ഡിതനും പാമരനും, ഇതൊരു വേദപുസ്തകമാണ് .തണുപ്പ് കാലത്ത് സ്വന്തം സഹോദരിയുടെയും സന്തതികളുടെയും വിശപ്പ് കഠിനമായപ്പോൾ അവരുടെ പട്ടിണി മാറ്റാനായി ഗ്രാമീണനും ശുദ്ധനും പാവപ്പെട്ടവനുമായ ഴാങ് വാൽ ഴാങ് ഒരു കഷണം അപ്പം മോഷ്ടിച്ചു. ആ മോഷണം കയ്യോടെ പിടിക്കപ്പെടുകയും നിയമത്തിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട അയാൾ 3 വർഷം തണ്ട് വലി ശിക്ഷക്ക് വിധിക്കപ്പെടുകയും കുടുംബത്തിന്റെ പട്ടിണിയെ പറ്റി ബോധവാനായിരുന്ന അയാൾ പല തവണകളിൽ തടവ് ചാടാൻ ശ്രമിക്കുകയും പിടിക്കപ്പെടുകയും ചെയ്യുതിലൂടെ മൂന്ന് വർഷ തടവ് ശിക്ഷ 18 വർഷങ്ങളിലേക്ക് നീണ്ട് പോവുകയും ചെയ്തു. സമൂഹത്തിന് നേരെ വെറുപ്പോടെ പുറത്ത് വന്ന ആ മനുഷ്യൻ അതി കഠിനമായ തണുപ്പുള്ള ഒരു രാത്രിയിൽ തലചായ്ക്കാൻ ഇടം കിട്ടാതെ എല്ലാരാലും ആട്ടിയോടിക്കപ്പെട്ടെങ്കിലും കാരുണ്യവാനായ ഒരു മെത്രാനാൽ അഭയം ലഭിക്കപ്പെടുകയും അവിടെ വെച്ച് ഒരു മോഷണ ശ്രമത്തിനിടയിൽ പിടിക്കപ്പെടുകയും ചെയ്തു. എങ്കിലും മെത്രാന്റെ ദയവിനാൽ രക്ഷപെട്ടു. ആ സംഭവം അയാളെ അടിമുടി മാറ്റി. പില്ക്കാലത്ത് മെത്രാൻ അദൃശ്യനായി അയാളുടെ ജീവിതത്തെ സ്വാധീനിച്ച് ഏതൊരു കഷ്ടപ്പാടിലും ദുരന്തത്തിലും സത്യസന്ധനായി തുടരാൻ അയാളെ പ്രേരിപ്പിച്ച് കൊണ്ടേയിരുന്നു. ഒരു നഗരത്തിന്റെ അത്യുന്നതനായ മേയർ സ്ഥാനം വഹിച്ച് കഴിഞ്ഞ് വരുമ്പോഴും താനാണെന്ന് തെറ്റിദ്ധരിച്ച് മറ്റൊരു മനുഷ്യൻ ശിക്ഷിക്കപ്പെടുമെന്ന് വന്നപ്പോൾ തൽസമയം കോടതിയിൽ ഹാജരായി സത്യം പറഞ്ഞ് പ്രതിയെ രക്ഷിക്കുകയും വീണ്ടും തടവിലാക്കപ്പെടുകയും ജീവിതാവസാനം വരെ ഒളിവിൽ കഴിയേണ്ടി വരുകയും ചെയ്യുന്ന ഴാങ് വാൽ ഴ്ങ്ങിന്റെ കഥ, ഒരു നെടു വീർപ്പിലൂടെ അല്ലാതെ വായിച്ചവസാനിപ്പിക്കാൻ കഴിയില്ല.

**ഒരു മാർക്ക് ചോദ്യങ്ങൾ .**

1. ഉപ്പുകൊണ്ടുള്ള പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു നിന്നു .
അടിവരയിട്ട വാക്ക് ചേർത്തെഴുതുമ്പോൾ?
ഉ -ഉപ്പു പ്രതിമ

2. " വൃദ്ധമതാചാര്യന്റെ അടുക്കൽ നിന്നു തനിക്ക് കിട്ടിയതാണ് ആ സമ്മാനമെന്ന്."
അടിവരയിട്ട പദം പിരിച്ചെഴുതുമ്പോൾ ?
ഉ - വൃദ്ധനായ മതാചാര്യന്റെ

3. " ഉപ്പു കൊണ്ടുള്ള പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു കൊണ്ട് നിന്നു "
ഈ വരികളിൽ തെളിയുന്ന ഴാങ് വാൽഴങ്ങിന്റെ മാനസികാവസ്ഥയെന്ത്?
ഉ – നിർവികാരത.

4. ഈയിടയ്ക്ക് തന്റെ വാർധക്യത്തിന് താങ്ങാൻ ആകാവുന്നിടത്തോളം വേഗത്തിൽ മോൺസിഞ്ഞോർ ബിയാങ്ങ് വെന്യു മുൻപോട്ട് വന്നു.അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നത്.?

ഉ - പ്രായം കൊണ്ട് അവശനങ്കിലും കഴിയാവുന്നത്ര വേഗത്തിൽ നടന്നു .

5. "പോലീസുകാരൻ പോയി. ഴാങ് വാൽഴാങ് മോഹാലസ്യപ്പെട്ടു പോകുന്ന ഒരാളെപ്പോലെ കാണപ്പെട്ടു." ?
ഇത്തരത്തിലുള്ള ഒരു അവസ്ഥയിലേക്ക് അയാൾ എത്തപ്പെടാനുള്ള കാരണം ?

ഉ - അയാൾചെയ്ത തെറ്റ്, ക്ഷമിച്ചു കൊണ്ടുള്ള മെത്രാന്റെ വാക്കുകൾ കേട്ടിട്ടാണ് ഇത്തരമൊരു അവസ്ഥയിലെത്തിയത്.

**2 മാർക്ക് ചോദ്യങ്ങൾ**

6. ആ നിലയ്ക്കുള്ള ഒരുത്തനെ അകത്ത് കടത്തുക! എന്നല്ല , അവനവൻ കിടക്കുന്നതിന് അടുത്ത കിടത്തുകയും ! ആ മനുഷ്യൻ കക്കുക മാത്രമല്ലേ ചെയ്യോളൂ ! ഹാ എന്റെ ഭഗവാനെ ! അത് വിചാരിക്കുമ്പോൾ എനിക്ക് തടി വിറയ്ക്കുന്നു. മദ്വാംമഗ്ളുറുടെ വാക്കുകൾ സൂചിപ്പിക്കുന്നതെന്ത്?
ഉ - # കുറ്റവാളിയാണെന്ന് അറിഞ്ഞിട്ടും ഒരുവനെ വീട്ടിനകത്ത് പ്രവേശിപ്പിക്കാൻ തയാറായ മെത്രാനോടുള്ള അതൃപ്തി
# മെത്രാനെ ഉപദ്രവിച്ചിരുന്നെങ്കിൽ എന്നോർത്തപ്പോഴുള്ള ഭയവും വെളിപ്പെടുന്നു.

7. "ഉപ്പു കൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്ത് തന്നെ മിഴിച്ചു കൊണ്ടു നിന്നു "
വരികളിൽ തെളിയുന്ന പ്രയോഗത്തിന്റെ സൂചനയെഴുതുക ?

ഉ - താൻ പിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന അപകടത്തെക്കുറിച്ച് ഓർത്തപ്പോഴുള്ള നടുക്കവും ഉപ്പലിഞ്ഞു തീരുന്നത് പോലെ താനും ഇല്ലാതാകുമെന്ന് ചിന്തയും ഴാങ്ങ് വാൽഴാങ്ങിനെ വേട്ടയാടി

**4 മാർക്ക് ചോദ്യങ്ങൾ**

8. " ഴാങ്ങ് വാൽ ഴാങ്ങി ന്റെ കണ്ണ് രണ്ടും മിഴിഞ്ഞു പോയി. മനുഷ്യനെക്കൊണ്ട് പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവ വിശേഷത തോടു കൂടി അയാൾ ആവന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി." ഴാങ്ങ് വാൽ ഴാങ്ങിനെ ഇത്രയ്ക്ക് അൽഭുതപ്പെടുത്തിയ മെത്രാന്റെ പ്രവൃത്തി എന്താണ്? കുറിപ്പുതയ്യാറാക്കുക

ഉത്തര സൂചന

# ഴാങ്ങിനോട് ക്ഷമിച്ചമെത്രാന്റെ സമീപനം.
# പോലീസ്കാരനോട് വെള്ളി സാമാനങ്ങൾ ഴാങ്ങിന് നല്കിയതാണ് എന്ന് പറഞ്ഞു.
# കുറ്റത്തിന് ക്ഷമിക്കുന്ന പുതിയ മാതൃക കേട്ടപ്പോൾ

9. തെരുവിലേക്കുള്ള വാതിലിലൂടെത്തന്നെ എപ്പോഴും വരികയും പോവുകയും ചെയ്യാം. തന്റെ വീടിന്റെ വാതിൽ ഒരിക്കലും പൂട്ടിയിടുകയില്ല എന്ന് മെത്രാൻ പറഞ്ഞത് പൊരുളെന്ത് ?

ഉത്തര സൂചന

# സമൂഹത്തിന്റെ ദൃഷ്ടിയിൽ ഴാങ്ങ് വാൽ ഴാങ്ങിന്റെ പ്രവർത്തി കുറ്റകരമാണ്
#. മെത്രാനെ സംബന്ധിച്ചിടത്തോളം അത് കുറ്റമായി കാണുന്നില്ല .
# പാപികളോട് പൊറുക്കുവാൻ ആണ് യേശുദേവൻ പഠിപ്പിച്ചത്
# കുറ്റവാളികളോട് സമൂഹത്തിന്റെ വാതിലുകൾ കൊട്ടിയടച്ചാൽ അവർ വീണ്ടും കൂടുതൽ കുറ്റവാളികളായിത്തീരും
# ജീവിതസാഹചര്യങ്ങളും സാമൂഹ്യാവസ്ഥകളുമാണ് മനുഷ്യനെ തെറ്റിലേക്ക് നയിക്കുന്നത്.
# അത്തരം ജീവിത സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുക

10. ബിഷപ്പിന്റെ പേരുമാറ്റം ഴാങ്ങ് വാൽ ഴാങ്ങിന്റെ മനസിൽ ഉണർത്തിയ ചിന്തകളെന്തെല്ലാം ?

ഉത്തര സൂചന

# വിഷപ്പിന്റെ വാക്കുകൾ ഴാങ്ങ് വിൽ ഴാങ്ങിന്റെ മനസ്സിനെ വല്ലാതെ മഥിച്ചു.
#. ഏതു സാഹചര്യത്തിലുള്ളവർക്കും അഭയമായി നിലകൊള്ളുന്നവനാണ് ബിഷപ്പ്.
# തന്റെ ഇരുട്ടുനിറഞ്ഞ ജീവിതത്തിൽ പ്രകാശമായി കടന്നുവരികയാണ് ബിഷപ്പ് കടന്നു വരികയാണെന്ന് അയാൾ തിരിച്ചറിഞ്ഞു.
# ഇനിയുള്ള കാലം സമൂഹത്തിൽ പാവപ്പെട്ടവർക്കായി തന്റെ ജീവിതം ഉഴിഞ്ഞു വയ്ക്കും എന്ന ചിന്തയാകാം അയാളുടെ മനസ്സിലുണ്ടായത് .

11. വെള്ളിസാമാനങ്ങൾ വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടല്ല. അത് പാവങ്ങളുടെയാണ്.ആ വന്ന മനുഷ്യൻ ആരായിരുന്നു? കാഴ്ചയിൽ തന്നെ ഒരു പാവം" മെത്രാന്റെ വാക്കുകൾ വിലയിരുത്തി സ്വാഭിപ്രായം കുറിയ്ക്കുക?

ഉത്തര സൂചന

#. ഭൂമിയിൽ ആരും ഒന്നിന്റെയും ഉടമസ്ഥരല്ല

#. എല്ലാവരും ഭൂമിയുടെ അവകാശികളാണ്

#. വിലപിടിപ്പുള്ള സാധനങ്ങൾ ഒരാളുടേത് മാത്രമായി സൂക്ഷിച്ചു വെക്കുന്നത് ശരിയല്ല

#. മനുഷ്യ നന്മയിൽ ഊന്നിയ ജീവിതത്തിൽ ഭൗതികവസ്തുക്കൾക്ക് യാതൊരു സ്ഥാനവുമില്ല

12. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരംകൊണ്ടുള്ള മുള്ളും കയ് ലും കൂടി ആവശ്യമില്ല " എന്ന വാക്കിലൂടെ തെളിയുന്ന ജീവിത ദർശനം എന്തെല്ലാം?

ഉത്തരസൂചന

# ജീവിതത്തിൽ ലാളിത്യത്തിന് ഉള്ള പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്നു .

# ഒരു മനുഷ്യന് ജീവിക്കുവാൻ ഒരുപാട് വിലപിടിപ്പുള്ള സാധനങ്ങളൊന്നും ആവശ്യമില്ല.

# അത്തരം വിലകൂടിയ വസ്തുക്കൾ ജീവിതത്തിൽ സങ്കീർണത സൃഷ്ടിക്കുകയേയുള്ളൂ.

# വിലകൂടിയ വസ്തുക്കളുടെ നഷ്ടം തന്റെ ജീവിതത്തെ ഒരുതരത്തിലും സ്വാധീനിക്കുന്നില്ല എന്ന ആശയമാണ് സൂചിപ്പിക്കുന്നത്.

**6 മാർക്ക് ചോദ്യം**

13 . ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമവ്യവസ്ഥ മാത്രമല്ല തെറ്റ് കുറ്റങ്ങൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കൂടി ലോകത്തുണ്ടെന്ന് ഴാങ്ങ് തിരിച്ചറിയുന്നതപ്പോഴാണ്

(നന്മയുടെ കാലം അസ്തമിച്ചിട്ടില്ല. ഇ ഹരികുമാർ)

പാവങ്ങൾ എന്ന നോവലിനെക്കുറിച്ചുള്ള ഇ .ഹരികുമാറിന്റെനിരീക്ഷണങ്ങളും നിങ്ങളുടെ വായനാനുഭവം പരിഗണിച്ച് ലോകസാഹിത്യത്തിൽ പാവങ്ങൾ എന്ന നോവലിനുള്ള സ്ഥാനത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക?

ഉത്തര സൂചന

#.പാവങ്ങൾ മനുഷ്യസമൂഹത്തിന് പ്രചോദനമായിത്തീർന്ന കൃതിയാണ്.

#.ഴാങ്ങ് വാൽ ഴാങ്ങ് എന്ന മോഷ്ടാവ് മോഷണം ഉപേക്ഷിച്ച് സത്യസന്ധനായിത്തീരുന്നതാണ് നോവലിന്റെ ഇതിവൃത്തം

..................................................

## ഋതുയോഗം - കാളിദാസൻ

വിശ്വമഹാകവി, ഇന്ത്യൻ ഷേക്സ്പിയർ എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന കാളിദാസൻ, ഭാരതീയ കവികളിൽ അഗ്രഗണ്യനാണ്. വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ പ്രമുഖനായ കാളിദാസന്റെ ജന്മദേശം മധ്യപ്രദേശിലെ ഭോപ്പാലിനടുത്തുള്ള ഉജ്ജ്വയനി ആണെന്ന് കരുതുന്നു. ക്രിസ്തുവിനു മുമ്പ് രണ്ടാം നൂറ്റാണ്ടിനും ക്രിസ്തുവിനുശേഷം ആറാം നൂറ്റാണ്ടിനും ഇടയിലാവാം കാളിദാസന്റെ ജീവിതകാലഘട്ടം എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം . മേഘസന്ദേശം കുമാരസംഭവം രഘുവംശം (മഹാകാവ്യങ്ങൾ ) അഭിജ്ഞാന ശാകുന്തളം വിക്രമോർവശീയം മാളവികാഗ്നിമിത്രം (നാടകങ്ങൾ) ഋതുസംഹാരം (ഖണ്ഡ കാവ്യം )എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. കാളിദാസ ഭാവന ഏറ്റവുമധികം തെളിഞ്ഞു പ്രകാശിക്കുന്ന കൃതിയാണ് അഭിജ്ഞാനശാകുന്തളം നാടകം മഹാഭാരതം ആദിപർവ്വത്തിലെ ശകുന്തളോപാഖ്യാനം ഉപജീവിച്ചാണ് ഈ നാടകരചന.

ദേവാസുരയുദ്ധത്തിൽ വിജയശ്രീലാളിതനായ ദുഷ്യന്തൻ ദേവേന്ദ്രന്റെ അനുഗ്രഹാശിസ്സുകളോടെ മാതലിയോടെ ഭൂമിയിലേക്ക് മടങ്ങി. വഴിമധ്യേ അവർ കശ്യപാശ്രമത്തിൽ പ്രവേശിച്ചു. മുല കുടിച്ചു കൊണ്ടിരിക്കുന്ന സിംഹക്കുട്ടിയെ ബലമായി പിടിച്ചു വലിച്ചു പല്ലുകൾ എണ്ണി രസിക്കുന്ന സർവദമനനെ രാജാവ് കൗതുകത്തോടെ നോക്കി നിന്നു. സർവദമനന്റെ കയ്യിൽ കെട്ടിയിരുന്ന രക്ഷ താഴെ വീണത് കണ്ടു അദ്ദേഹം അത് എടുത്തു കെട്ടിക്കൊടുത്തു. സർവ്വദമനന്റെ മാതാപിതാക്കളോ മാരീചനോ അല്ലാതെ ആരെടുത്താലും ഈ രക്ഷ സർപ്പമായി എടുത്തയാളിനെ കടിക്കും. താപസിമാരിൽ നിന്നും കാര്യങ്ങളെല്ലാം അറിഞ്ഞ ദുഷ്യന്തന് ഈ ബാലൻ തന്റെ മകനാണെന്ന് ബോധ്യപ്പെട്ടു . അവർ ഒരുമിച്ച് ശകുന്തളയെ കാണുന്നു .തന്റെ കൈവശമുള്ള മുദ്രമോതിരം അണിയാൻ യോടാവശ്യപ്പെട്ടെങ്കിലും അവൾ അത് സ്നേഹപൂർവ്വം നിരസിച്ചു. ശാപഫലമായിട്ടാണെങ്കിലും ചെയ്തുപോയ തെറ്റിന് അദ്ദേഹം അവളോട് മാപ്പ് ചോദിച്ചു. ദേവപിതാക്കളായ മാരീചന്റെയും അതിഥിയുടെയും അനുഗ്രഹത്തോടെ കൂടി ദുഷ്യന്തൻ സന്തോഷപൂർവ്വം ശകുന്തളയെ സ്വീകരിച്ചു. അഭിജ്ഞാനശാകുന്തളം ഏഴാം അങ്കത്തിൽ മാരീചാശ്രമത്തിൽ വച്ച് ദുഷ്യന്തനും ശകുന്തളയും തമ്മിലുള്ള പുനസമാഗമമാണ് ഋതുയോഗം.

### ഒരു മാർക്ക് ചോദ്യങ്ങൾ

1. ഋതുയോഗം ഉൾപ്പെടുന്ന കൃതി ഏത്?
   അഭിജ്ഞാനശാകുന്തളം (നാടകം )
2. "അരുത് ഉണ്ണി ചാപല്യം കാണിക്കരുത് . ജാതി സ്വഭാവം വന്നുപോകുന്നുവല്ലോ ! "
   അടിവരയിട്ട പദം സൂചിപ്പിക്കുന്നത്?
   ക്ഷത്രിയ ബാലൻ ആണെന്ന് സൂചിപ്പിക്കുന്നു.
3. സർവ്വദമനൻ എന്ന വാക്കിന്റെ ശരിയായ അർത്ഥമേത് ?
   സർവ്വതിനേയും ദമനം (അടക്കം) ചെയ്യുന്നവൻ .
4. പിരിയാൻ വിറകിന് കാത്തിടും പൊരിയായുള്ളൊരു ഹവ്യവാഹന് ഇവിടെ
   സൂചിപ്പിക്കുന്നതാരെ ?

സർവദമനനെ

5. " ധർമ്മപത്നി ഉപേക്ഷിച്ച അയാളുടെ നാമധേയം ആരുച്ചരിക്കും"

(എ) ഈ വാക്യത്തിൽ സൂചിപ്പിക്കുന്നതാരെ ?

(ബി) ഇവിടെ നിഴലിക്കുന്ന ഭാവമെന്ത് ?

ദുഷ്യന്തനെ

പുച്ഛം

6. എന്ത് ? എന്റെ വംശം തന്നെയോ? പരാമർശിക്കുന്ന വംശമേത്?

ഉ - പുരുവംശം.

7. ഇത് വൈഷമ്യക്കാരനാണ് അന്ന് ആര്യപുത്രനെ ഓർമ്മിപ്പിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെ പോയല്ലോ. സൂചിപ്പിക്കുന്നതെന്ത്?

ഉ - മുദ്രമോതിരം

8. " വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ" സൂചിപ്പിക്കുന്ന ആശയം എന്ത്?

ഉ - ശകുന്തള മുദ്രമോതിരം ധരിക്കട്ടെ.

9. "ഇവനുടെ കുലവില്ലാല സ്തുകാര്യം നടന്നി-
ട്ടുന്ന കൊടിയ വജ്ര ഭൂഷണ പ്രായമായി " കൊടിയ വജ്രം ഭൂഷണം ആകാനുള്ള കാരണമെന്ത് എന്ത്?

ഉ - ദുഷ്യന്തൻ ശത്രുക്കളെ നിഗ്രഹിച്ചതുകൊണ്ട്.

10. ദേവകളുടെ മാതാപിതാക്കൾ അരെല്ലാമാണ് ?

ഉ - മാരീചനും (കശ്യപനും)അദിതിയും.

11. "ഇവിടെ അവിശ്വാസം വരുന്നതല്ല" രാജാവ് ഇങ്ങനെ പറയാനുള്ള കാരണം എന്ത് ?

ഉ - ആശ്രമ പരിസരമായതിനാൽ.

12. സർവദമനന്റെ കൈകൾ കണ്ടപ്പോൾ രാജാവ് ആശ്ചര്യപ്പെട്ടു എന്തുകൊണ്ട്?

ഉ - ചക്രവർത്തി ലക്ഷണം കണ്ടതുകൊണ്ട്.

13. മാതലി ദേവേന്ദ്ര ഭഗവാൻ ഈ സംഗതി അറിയാതിരിക്കുമോ സംഗതി എന്ന് സൂചിപ്പിക്കുന്നതെന്ത് ?

ഉ - ദുഷ്യന്തൻ ശകുന്തളയോടും പുത്രനോടും ചേർന്നത്.

14. "ചെറു പാമ്പ് ചന്ദന മരത്തിനെന്നപോലെ "ഈ വരി സൂചിപ്പിക്കുന്ന ആശയം എന്ത് ?

ഉ - ബാലന്റെ ആശ്രമ വിരുദ്ധ പ്രവൃത്തി

15. "ദുഷ്യന്തൻ തന്നെ ഉപേക്ഷിച്ചതിന് കാരണമായി ശകുന്തള കണ്ടെത്തുന്ന ന്യായമെന്ത് ?

ഉ - തന്റെ മുൻജന്മ പാപഫലം

**രണ്ട് മാർക്ക് ചോദ്യങ്ങൾ**

1. താപസി ദുഷ്യന്തനേയും സർവദമനനെയും നോക്കി ആശ്ചര്യമാശ്ചര്യം എന്ന് പറയാൻ കാരണമെന്ത്?

ഉ - ദുഷ്യന്ത മഹാരാജാവിനും സർവ്വദമനനും ഒരേ ഛായ തോന്നിയതും . ആർക്കും വഴങ്ങാത്ത ബാലൻ മുൻപരിചയമില്ലാത്ത രാജാവിന് വഴങ്ങിയതുമാണ് ആശ്ചര്യ ര്യമെന്ന് പറയുവാൻ താപസിയെ പ്രേരിപ്പിച്ചു.

2. ബാലന്റെ കയ്യിൽ കെട്ടിയിരുന്ന രക്ഷ എടുക്കരുതെന്ന് താപസിമാർ രാജാവിനോട് പറയാൻ കാരണമെന്ത്

ഉ - ബാലന്റെ ജാതകർമ്മം സമയത്ത് മാരീചഭഗവാൻ ധരിപ്പിച്ചതാണ് ഈ രക്ഷ. ഇത് അപരാജിത എന്ന ഓഷധിയാണ്. അച്ഛനോ, അമ്മയോ, മാരീചനോ അല്ലാതെ മറ്റാരും എടുത്താലും അത് സർപ്പമായ് മാറി എടുത്തവനെ കടിക്കും.

3. ശകുന്തളയ്ക്ക് ദുഷ്യന്തനെ കണ്ടിട്ട് മനസ്സിലാകാതിരിക്കാൻ കാരണമെന്ത് ?

ശകുന്തളയെ ഉപേക്ഷിച്ചത് മൂലമുണ്ടായ പശ്ചാത്താപം കൊണ്ട് ദുഷ്യന്ത മഹാരാജാവ് ആളാകെ മാറിപ്പോയിരുന്നു.

**4 മാർക്ക് ചോദ്യങ്ങൾ**

1. ആശ്രമത്തിൽ കണ്ടയുടൻ ബാലൻ തന്റെ മകനാണെന്ന് ദുഷ്യന്തൻ ഉറപ്പിക്കുന്ന എന്തെല്ലാം സൂചനകളാണ് ഋതുയോഗമെന്ന പാഠഭാഗത്തിലുള്ളത് ?

ഉത്തര സൂചനകൾ

#.പ്രഥമദൃഷ്ടിയിൽ തന്നെ ദുഷ്യന്തന് സർവദമനോട് തോന്നിയ പുത്ര സഹജമായ സ്നേഹം

#.കയ്യിലെ ചക്രവർത്തി ലക്ഷണം

#.കുട്ടിയുടെ വംശം ,മാതാവ് ഛായ തുടങ്ങിയവയെക്കുറിച്ച് താപസിമാർ പറഞ്ഞ പരാമർശങ്ങൾ.

#.കുട്ടിയുടെ കയ്യിൽ കെട്ടിയ രക്ഷയുടെ പ്രാധാന്യം.

2. സർവ്വദമനന്റെ കൈയിൽ കെട്ടിയിരിക്കുന്ന രക്ഷ ഋതുയോഗത്തിൽ വഴിത്തിരിവുണ്ടാക്കുവാൻ നിർണായകമായ പങ്കു വഹിക്കുന്നു .ഈ പ്രസ്താവനയോടുള്ള പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?

ഉത്തര സൂചനകൾ -

#.രക്ഷയുടെ പ്രാധാന്യം.

#.ദുഷ്യന്തൻ രക്ഷ കെട്ടിയപ്പോൾ സംഭവിച്ച മാറ്റവും വിശദീകരിക്കുന്നു.

#.ദുഷ്യന്തന് പ്രഥമ ദൃഷ്ടിയാൽ തോന്നിയ പുത്രവാത്സല്യം

#.സംഭവമറിഞ്ഞ് അവിടെയെത്തിയ ശകുന്തളയുടെ പ്രതികരണവും

3. " ഈ പ്രസ്താവം കാനൽജലം പോലെ ഒടുവിൽ എനിക്ക് വിഷാദത്തിന് ഇടയാകാതിരുന്നാൽ കൊള്ളാമായിരുന്നു " ഈ വാക്യത്തിന്റെ പൊരുൾ വ്യക്തമാക്കുക?

ഉത്തര സൂചനകൾ -

#.കാനൽജലം എന്ന പ്രയോഗത്തിലെ സവിശേഷത വ്യക്തമാക്കുന്നു.
#.സന്ദർഭവുമായി ബന്ധപ്പെടുത്തുന്നു
#.അമിത പ്രതീക്ഷയിൽ തനിക്ക് തിരിച്ചടി ഉണ്ടാകരുതേ എന്ന് വിചാരിക്കുന്നു

4. " അല്ലെങ്കിൽ സാനുമതി പറഞ്ഞതുപോലെ സംഭവിക്കാവുന്നതാണല്ലോ ? " സാനുമതി പറഞ്ഞ കാര്യത്തിന് പാഠഭാഗത്തുള്ള പ്രസക്തിയെന്ത്?

ഉ - ശകുന്തളയുടെ മാതാവും മേനകയുടെ തോഴിയുമാണ് സാനുമതി എന്ന ദേവസ്ത്രീ. ദുഷ്യന്തന്റെ വിശേഷങ്ങൾ അറിയുവാൻ സാനുമതി ഹസ്തിനപുരരാജധാനിയിലെ ഉദ്യാനത്തിൽ എത്തി. തിരസ്കരണി കൊണ്ട് മറഞ്ഞുനിന്നു, പശ്ചാത്താപവിവശനായ ദുഷ്യന്തനെ കാണുന്നു. ശകുന്തളയോടുള്ള സ്നേഹാധിക്യത്താൽ രാജ്യത്തെ വസന്തോത്സവം പോലും രാജാവ് നിരോധിച്ചിരിക്കുന്നു. ശകുന്തളയുടെ ചിത്രം നോക്കി വിലപിക്കുന്നു. യജ്ഞഭാഗത്തിൽ തൽപരരായ ദേവന്മാരുടെ അനുഗ്രഹത്താൽ ശകുന്തളയ്ക്ക് ഭർതൃസമാഗമം താമസിയാതെ ഉണ്ടാകുമെന്ന് അതിഥി ദേവിയുടെ അനുഗ്രഹങ്ങളുമുണ്ട്. ഇക്കാര്യങ്ങളെല്ലാം സാനുമതി ശകുന്തളയെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ടാണ് സാനുമതി പറഞ്ഞതുപോലെ സംഭവിക്കുകയാണല്ലോ എന്ന് ശകുന്തള അഭിപ്രായപ്പെടുന്നത്.

## 6 മാർക്കിന്റെ ചോദ്യം

6. വായ് പൊളിക്കൂ.......... സിംഹകുട്ടി നിന്റെ പല്ല് ഞാൻ എണ്ണട്ടെ
"അമ്പ വലിയ പേടി തന്നെ"
" എന്റെ അച്ഛൻ ദുഷ്യന്തനാണ് താനല്ല"

സർവ്വദമന്റെ ചില സ്വഭാവസവിശേഷതകൾ വ്യക്തമാക്കുന്ന സന്ദർഭങ്ങളാണിവ . മറ്റു സന്ദർഭങ്ങളും പരിഗണിച്ച് സർവദമനൻ എന്ന കഥാപാത്രത്തിൻ്റെ കഥാപാത്ര നിരുപണം തയാറാക്കുക?

ഉത്തര സൂചനകൾ
#. ദുഷ്യന്തൻ മാരീചാശ്രമത്തിൽ വച്ച് സർവദമനനെ കണ്ടുമുട്ടുന്നു.
#. ബാലന്റെ വാക്കിലും പ്രവർത്തിയിലും ദുഷ്യന്തൻ ആകൃഷ്ടനാകുന്നു.
#. സർവദമനനെ അവന്റെ പ്രവർത്തിയിൽ നിന്ന് പിന്തിരിപ്പിക്കുവാൻ താപസിമാർ ശ്രമിക്കുന്നു.

# സർവദമനൻ തന്റെ പുത്രനാണെന്ന് തിരിച്ചറിഞ്ഞ ദുഷ്യന്തൻ സ്നേഹത്തോടെ സമീപിക്കുന്നു.

**അധിക ചോദ്യങ്ങൾ**

1. ഋതുയോഗം എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക?

2. "കളിക്കോപ്പേൽക്കാനായ് കുതുകമൊടുനീട്ടിടിന കരം

   ..............................................................................................

   തെളിഞ്ഞീടൊന്നായ് വിടരുമൊരു തണ്ടാർ മലരു പോൽ "

   (ഋതുയോഗം)

   ചമൽക്കാരഭംഗി വിവരിക്കുക .

....................................................

**വിശ്വരൂപം**

**ലളിതാംബിക അന്തർജനം**

അഗ്നിസാക്ഷി എന്ന ഒറ്റ നോവൽ കൊണ്ട് മലയാള സാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിയ എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ കരസ്ഥമാക്കിയിട്ടുണ്ട്. 8 വർഷങ്ങൾക്ക് ശേഷം സുധീർ മിസിസ് തലത്തിനെ കാണാൻ വരുന്നു. അവരെ തമ്മിൽ ബന്ധിപ്പിക്കുന്ന ഡോക്ടർ തലത്തിനെക്കുറിച്ചുള്ള ഓർമ്മകൾ അയവിറക്കുന്നു. കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണെന്ന് വിശ്വസിച്ചിരുന്ന താഴത്തു കുഞ്ഞുക്കുട്ടി അമ്മയുടെ ജീവിതമാണ് കഥയിൽ ആവിഷ്കരിക്കുന്നത്. അവർ പ്രസവിച്ചുവെങ്കിലും മക്കളെ സ്നേഹിക്കുകയോ ശാസിക്കുകയോ ശുശ്രൂഷിക്കുകയോ ചെയ്തിട്ടില്ല. മിസ്റ്റർ തലത്ത് മരിച്ച തോടുകൂടി മക്കൾ ജോലിയും താമസവും വിദേശത്താക്കി. മിസിസ് തലത്ത് ഒറ്റപ്പെട്ട് നാട്ടിൻ പുറത്തുകാരിയായിമാറി.

<u>ഒരു മാർക്ക്ചോദ്യങ്ങൾ</u>

1. വിതച്ചതേ കൊയ്യൂ. എന്നചൊല്ലിന് സമാനമായ പാഠഭാഗത്തിലെ വാക്യം എത് ?
   ഉ - കൊടുത്തത് മാത്രമേ നേടാനാകൂ

2. "അയാൾ ഞെട്ടി ഇങ്ങനെ ഒരാളെ കാണാൻ വേണ്ടി ആയിരുന്നില്ല താൻ ഇവിടെ വന്നത് " എന്താണ് അയാളുടെ പ്രതീക്ഷയ്ക്ക് വിപരീതമായി സംഭവിച്ചത്
   ഉ - മിസിസ് തലത്ത് ഒരു തപസ്വിനിയെ പോലെ കാണപ്പെട്ടു.

3. ഓർമ്മകൾ അത് മാത്രമേ വാർധക്യത്തിന് അവകാശപ്പെട്ടതായി ഉള്ളൂ വാർദ്ധക്യത്തിന്റെ ഏത് അവസ്ഥയാണ് വരികൾ സൂചിപ്പിക്കുന്നത് ?
   ഉ - ഒറ്റപ്പെട്ട കഴിയേണ്ടിവരുന്ന വാർധക്യത്തിന്റെ നിസ്സഹായവസ്ഥ.

4. "ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു മാഡം പക്ഷേ എനിക്ക് നിവൃത്തിയില്ലായിരുന്നു " ഈ വരികളിൽ പ്രകടമാകുന്ന ഭാവം?
   ഉ - കുറ്റബോധം.

5. "ഞാൻ ഇന്ത്യയിൽ ജനിച്ചു പക്ഷേ ജീവിച്ചത് ഇവിടെയല്ലല്ലോ " ഇന്ത്യൻ സംസ്കാരത്തിന്റെ ഏത് സവിശേഷതയാണ് ഇവിടെ അവതരിപ്പിക്കുന്നത് ?
   ഉ - അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിക്കുന്നത്.

## 2 മാർക്ക് ചോദ്യങ്ങൾ

6. അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടയ്ക്ക് ഉമ്മവയ്ക്കാൻ മാത്രം അവർ അടുത്തു വരും പോകും "അലങ്കരിച്ച മകളെപ്പോലെ എന്ന വിശേഷണം സന്ദർഭത്തിന് നൽകുന്ന രണ്ട് അർത്ഥസൂചനകളെഴുതുക ?

ഉത്തര സൂചനകൾ

#അലങ്കരിച്ച് ബൊമ്മകൾ കാണാൻ ഭംഗിയുള്ളവ ആയിരിക്കും.

# പക്ഷേ ജീവൻ ഉണ്ടാവില്ല .

#ആരുടെയെങ്കിലും നിയന്ത്രണത്തിൽ യാന്ത്രികമായി പ്രവർത്തിക്കുക മാത്രമേയുള്ളൂ.

7. "ഞാൻ ഇന്ത്യയിൽ ജനിച്ചു പക്ഷെ ജീവിച്ചത് ഇവിടെയല്ലല്ലോ " കഥാപാത്രത്തിന്റെ മാനസികാവസ്ഥ പ്രകടമാക്കുന്ന രണ്ട് സൂചനകളെഴുതുക ?

ഉത്തര സൂചന

ന്യൂയോർക്കിലെ വൃദ്ധൻ ഇന്ത്യയിൽ ജനിക്കുന്നവരെക്കുറിച്ച് വളരെ ബഹുമാനത്തോടെ സംസാരിച്ചു .എന്നാൽ മാഡം തലത്താവട്ടെ ഇന്ത്യയിൽ ജനിച്ചുവെങ്കിലും അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിച്ചിട്ടില്ല.

8. "വൃദ്ധയും വല്ലാതെ പരുങ്ങിപ്പോയി സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത ഈ അതിഥി ആരാണ് "

സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത അതിഥിയെന്ന് വിശേഷിപ്പിക്കുന്നത് ഔചിത്യമെന്ത് ?

ഉ - സുധീറിനെ നോട്ടവും പാശ്ചാത്യ നാട്ടിൽ നിന്നും പറന്നു വീണതുപോലെയുള്ളഅയാളുടെ വേഷവും.

## 4 മാർക്ക് ചോദ്യങ്ങൾ

9. തങ്ങൾക്ക് രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി

സുധീറിനേയും തലത്തിനേയും കൂട്ടിയിണക്കിയ സ്മരണ എത്രമാത്രം തീവ്രതയോടെ ആവിഷ്കരിക്കുവാൻ ഈ വരികൾക്ക് കഴിഞ്ഞിട്ടുണ്ട്?

ഉത്തര സൂചന

#. എട്ടുവർഷം വർഷങ്ങൾക്ക് ശേഷം സുധീർ മാഡം തലത്തിനെ കാണാൻ വരുന്നു.

#. പഴയ ഓർമ്മകളിലേക്ക് ഇരുവരും എത്തിച്ചേരുന്നു.

# മാറ്റങ്ങളെന്തൊക്കെ സംഭവിച്ചാലും ശബ്ദത്തിന് വ്യത്യാസമുണ്ടാകുന്നില്ല

# ഇരുവരുടെയും കൂടിച്ചേരൽ അവരെ തമ്മിൽ ബന്ധിപ്പിച്ചിരുന്ന ഡോക്ടർ തലത്തിന്റെ ഓർമ്മകൾ കണ്ണീരായി ഒലിച്ചിറങ്ങി

10. "കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്" വിശ്വരൂപം എന്ന കഥയിൽ ഈ വാക്കുകൾക്ക് എത്ര മാത്രം പ്രാധാന്യമുണ്ടെന്ന് വിലയിരുത്തുക?

ഉത്തര സൂചനകൾ

#. വിശ്വരൂപം എന്ന കഥയിലെ  നായികയുടെ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള പരാമർശം

#. ഡോക്ടർ തലത്തിനൊപ്പം, സൊസൈറ്റി ലേഡിയായി വിവിധ രാജ്യങ്ങളിൽ പ്രശോഭിച്ചു

#. ഭർത്താവിന്റെ മരണശേഷം അവർ വീണ്ടും താഴത്തു വീട്ടിൽ കുഞ്ഞുകുട്ടിയമ്മയെന്ന പരിവേഷം സ്വീകരിച്ചു.

12. "നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ കുട്ടികളെ ബോർഡിങ്ങുകളിൽ അയക്കരുതെന്ന് , അവർക്ക് ആയയെ വയ്ക്കരുത് , അമ്മ തന്നെ വളർത്തണം " മാഡം തലത്തിന്റെ ഈ വാക്കുകൾ വിലയിരുത്തുക ?

ഉത്തരസൂചനകൾ

#. സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നുണ്ടായ തിരിച്ചറിവിന്റെ വാക്കുകളാണിത്.

#.അവർ കുട്ടികളെ പ്രസവിച്ചു എന്ന് മാത്രമേയുള്ളൂ ലാളിക്കുകയോ സ്നേഹിക്കുകയോ, വളർത്തുകയോ ചെയ്തിട്ടില്ല.

#. സത്യം തിരിച്ചറിഞ്ഞ വാക്കുകൾ

13. "എന്റെ യജമാനൻ മാറ്റമായിപ്പോയി, പക്ഷേ എന്നെ കൊണ്ടു പോയില്ല .ആരും കൊണ്ടുപോയില്ല .എന്നിട്ടും ഞാൻ ജീവിക്കുന്നു "

വരികളിൽ തെളിയുന്ന മിനിസ് തലത്തിന്റെ മനസ്സികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക ?

ഉത്തരസൂചനകൾ

#. മിസ്റ്റർ തലത്തിന്റെ മരണശേഷം മാഡം തലത്ത് ഒറ്റപ്പെട്ടുപോയി.

#.ന്യൂ യോർക്കിലും ലണ്ടനിലുമൊക്കെ ആയിരുന്നപ്പോൾ പാറിപ്പറന്നു നടന്ന ഒരു സൊസൈറ്റി ലേഡിയായിരുന്നു.

#. മിസ്റ്റർ സ്ഥലത്തിനുവേണ്ടി രൂപപ്പെടുത്തിയ ജീവിതമായിരുന്നു അവരുടേത് അയാൾ മരിച്ചതോടു കൂടി അവരും ഇല്ലാതായിത്തീരുന്നു.

6 മാർക്ക് ചോദ്യം

14. "എന്തൊരുയർച്ചയായിരുന്നു അത് ? എന്തൊരു അഭിമാനമായിരുന്നു ? അമ്മേ ഭവതി ഭാഗ്യവതിയാണ്"
കഥാന്ത്യത്തിലെങ്കിലും മിസിസ് തലത്ത് വിശ്വരൂപം ദർശിക്കുന്നുണ്ട് .അവരുടെ കഥയിലുള്ള സ്ഥാനം വിലയിരുത്തി നിരൂപണം തയാറാക്കുക ?'

ഉത്തര സൂചനകൾ

**#.സ്**ത്രീയുടെ രണ്ട് തരത്തിലുള്ള വിശ്വരൂപങ്ങൾ ചർച്ചചെയ്യുന്നുണ്ട് .സ്വന്തം ജീവിതാനുഭവങ്ങളാണ് മിസിസ് തലത്തിനെക്കൊണ്ട് ഇങ്ങനെ പറയിപ്പിച്ചത്.

മക്കളെ സ്നേഹിക്കുകയോ ലാളിക്കുകയോ ശാസിക്കുകയോ ചെയ്യാത്തതുകൊണ്ട് അവസാനനാളുകളിൽ  അവരുടെ സഹായവും ഉണ്ടായില്ല .

.....................................

## പ്രിയദർശനം

## എൻ.കുമാരനാശാൻ

സ്നേഹഗായകനെന്നറിയപ്പെടുന്ന ആശാൻ മലയാള കവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച മഹാകവിയാണ്. മലയാളകവിതയിൽ സ്ത്രീ പുരുഷ ബന്ധത്തിന്റെപുതിയ തലങ്ങൾ സൃഷ്ടിച്ച മഹത്തായ ഖണ്ഡകാവ്യമാണ് നളിനി അഥവാ ഒരു സ്നേഹം. ബാല്യകാല സുഹൃത്തുക്കളായിരുന്നു നളിനിയും ദിവാകരനും. വളർന്നപ്പോൾ നളിനിയുടെ സ്നേഹം പ്രേമമായി വളർന്നു. ദിവാകരനാവട്ടെ ഈശ്വരോന്മുഖമായ പ്രേമം വളർത്തിയെടുക്കുകയായിരുന്നു.ഹിമാലയത്തിന്റെ ഉയർന്ന ശൃംഗത്തിൽ ഒരു വിഭാത വേളയിൽ നളിനി ദിവാകരനെ കണ്ടുമുട്ടുന്നു. തന്നെ സ്വയം പരിചയപ്പെടുത്തിയ നളിനി പഴയ കാര്യങ്ങൾ ഓർമ്മയിൽ നിന്ന് ഉരുവിടുന്നു. എന്നാൽ ദിവാകരൻ സന്യാസിയായി മാറിയിരിക്കുന്നു എന്ന യാഥാർത്ഥ്യം അവളെ ദുഃഖിപ്പിക്കുന്നു. ദിവാകരന്റെ മാറിൽ വീണ് നളിനി മരണമടയുന്നു. നളിനിയുടെ സ്നേഹത്തിന്റെ ആഴം ദിവാകരന്റെ ഹൃദയത്തെ അലിയിപ്പിക്കുന്നു. യോഗിനിയുടെ സഹായത്തോടെ നളിനിയുടെ ദേഹം അദ്ദേഹം യഥാവിധി സംസ്കരിക്കുന്നു.

### ഒരു മാർക്ക് ചോദ്യങ്ങൾ

1. ഭാവശാലികൾ പിരിഞ്ഞു കൂടിയാ -
   ലീവിധം വികലമാം സുഖോദയം
   എന്ന വരികളുടെ ആശയം എന്ത് ?
   ഉ - സ്നേഹിതരായ ആളുകൾ വളരെക്കാലത്തെ വേർപാടിനുശേഷം കണ്ടുമുട്ടുമ്പോഴുള്ള അനുഭവം സുഖകരമായിരിക്കില്ല.
2. നിജ കർമ്മനീതരാ-
   യേതു മാർഗ്ഗമിയലാ ശരീരികൾ !
   വരികൾ ഉയർത്തുന്ന സാമാന്യവൽക്കരണമെന്ത്?
   ഉ - സ്വന്തം കർമ്മത്താൽ നയിക്കപ്പെട്ട മനുഷ്യൻ ഏതു മാർഗവും സ്വീകരിക്കും
3. നളിനി ഇന്നും പ്രണയ ചപലയാണെന്ന് ദിവാകരൻ സൂചിപ്പിക്കുന്നത് അവളുടെ ഏത് സ്വഭാവത്തെ മുൻനിർത്തിയാണ്?

   ഉ - ദിവാകരനിൽ നിന്ന് ഏന്തെങ്കിലും അനിഷ്ടമുണ്ടായാൽ ഉടനെ കരയുന്നത് അവളുടെ കുട്ടിക്കാലം മുതൽക്കേയുള്ള സ്വഭാവമാണ്.
4. "ഭവാനു പണ്ടിഷ്ടയായ നളിനി ഞാൻ" എന്ന് നളിനി തന്നെ പരിചയപ്പെടുത്തിയതിലെ ഔചിത്യം എന്ത്?

ഉ – ദിവാകരൻ തന്നെ പെട്ടെന്ന് തിരിച്ചറിയാൻ വേണ്ടിയാണ് ഇപ്രകാരം പരിചയപ്പെടുത്തുന്നത്. ഒരിക്കൽ അയാൾ അവൾക്ക് പ്രിയപ്പെട്ടവനായിരുന്നു.

**2 മാർക്ക് ചോദ്യങ്ങൾ**

5. പ്രിയദർശനം എന്ന ശീർഷകം കാവ്യഭാഗത്തിന് എത്രമാത്രം യോജിക്കുന്നുവെന്ന് രണ്ട് സൂചനകളഴുതുക ?

ഉത്തരസൂചന

ദിവാകരനെ ഒരിക്കലെങ്കിലും ജീവനോടെ കാണുക എന്നുള്ളതായിരുന്നു നളിനിയുടെ ജിവിത ലക്ഷ്യം .

അത്തരത്തിൽ അവളുടെ ജീവിതാഭിലാഷമായ ദിവാകര ദർശനം സാധ്യമായതിനാലാൽ പ്രിയദർശനം എന്ന ശീർഷകം ഉചിതമാണ് .

7. എന്തുകൊണ്ടാവാം ദിവാകരൻ നളിനിയെ തിരിച്ചറിയാതിരുന്നത്?

ഉത്തരസൂചന

രൂപപരമായ മാറ്റത്താലാണ് ദിവാകരൻ നളിനിയെ തിരിച്ചറിയാതെയിരുന്നത്. ഇതുപോലൊരു പർവ്വത പരിസരത്ത് വെച്ച് ഒരിക്കലും ദിവാകരൻ നളിനിയെ പ്രതീക്ഷിക്കുന്നുമില്ല.

8. പോയതൊക്കെയഥവാ നമുക്കയേ ,
പ്രായവും സപദി മാറി കാര്യവും"

വരികളിലൂടെ വ്യക്തമാവുന്ന രണ്ടു ആശയങ്ങളെഴുതുക ?

ഉത്തരസൂചന

കാലം കടന്നുപോയിരിക്കുന്നു.

ചിന്തകളും ജീവിതസാഹചര്യങ്ങളും മാറിയിരിക്കുന്നു.

ദിവാകരൻ സന്യാസിയായി മാറി .

ശാരീരികവും മാനസികവുമായുണ്ടായ പക്വതയും സൂചിപ്പിക്കുന്നു.

**4 മാർക്ക് ചോദ്യങ്ങൾ**

9. "ധന്യയായി സപദി കാണുക മൂലമാ-
ങ്ങെന്നെയോർക്കുകിലുമോർത്തിടാകിലും "

നളിനിയും ദിവാകരനും ഏർപ്പെട്ടിരുന്ന തപസ്സുകൾ തമ്മിലുള്ള വ്യത്യാസം എന്ത് ?

ഉത്തര സൂചനകൾ

#. ബാല്യകാല പ്രണയത്തിന്റെ ഓർമ്മകളിൽ ജീവിക്കുകയാണ് നളിനി.

#. ദിവാകരനാവട്ടെ ഈശ്വരോന്മുഖമായ തപസ്സിലുമാണ്. മോക്ഷമാണ് ലക്ഷ്യം.

#. ഇരുവരുടേയും തപസ്സ് വ്യത്യസ്ഥമായ ലക്ഷ്യത്തോടുകൂടിയാണ്.

#. ദിവാകരനെ കണ്ടതോടെ നളിനിയുടെ തപസ്സ് ലക്ഷ്യം കണ്ടിരിക്കുന്നു .

(ആത്മസാക്ഷാത്കാരത്തിനോ ഇഷ്ടദേവതാപ്രീതിക്കോവേണ്ടി മനസ്സിനെ വിഷയങ്ങളിൽ നിന്ന് നിവർത്തിക്കുന്ന ഉപാസന ധ്യാനമാണ്).

10. ഭാവശാലികൾ പിരിഞ്ഞുകൂടിയാലീവിധം വികലമാം സുഖോദയം"

എന്ന വരികളിലെ ആശയവും വിശ്വരൂപം എന്ന കഥയിൽ മിസിസ്സ് തലത്തും സുധീറും തമ്മിലുള്ള കണ്ടുമുട്ടലും എപ്രകാരം യോജിക്കുന്നു.? വിലയിരുത്തുക

ഉത്തര സൂചനകൾ

#.സ്നേഹനിധികളായ വ്യക്തികൾ ദീർഘകാലത്തെ വേർപാടിനു ശേഷം കണ്ടുമുട്ടുന്നതാണ് ഇരു പാഠഭാഗങ്ങളിലെയും സന്ദർഭങ്ങൾ.

#. വിശ്വരൂപത്തിൽ തപസിയായി ജീവിക്കുന്നത് സ്ത്രീയാണെങ്കിൽ നളിനിയിൽ സന്യാസജീവിതം നയിക്കുന്നത് പുരുഷനാണ്.

# രണ്ടു പാഠഭാഗങ്ങളിലും കഥാപാത്രങ്ങൾ തമ്മിൽ ആദ്യം തിരിച്ചറിയുന്നില്ല.

#.ഇരു സന്ദർഭങ്ങളിലും ശബ്ദങ്ങളിലൂടെയാണ് കഥാപാത്രങ്ങൾ പരസ്പരം തിരിച്ചറിയുന്നത്.

11. "കണ്ടുടൻ സ്വയറിഞ്ഞിടാത്തതോർ

ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ"

കണ്ടപ്പോൾത്തന്നെ തിരിച്ചറിയാത്തതിന് ദിവാകരൻ പറയുന്ന ന്യായീകരണങ്ങൾ എന്തൊക്കെയാണ്?

ഉത്തര സൂചന

#. പണ്ട് നളിനി ഒരു ഇളം കുരുന്നായിരുന്നു ഇപ്പോൾ വള്ളിയായി മാറിയിരിക്കുന്നു .

#. ബാല്യവും യൗവ്വനവും സൂചിപ്പിക്കുന്നു.

#. നളിനിക്ക് ശാരീരികമായി നിരവധി മാറ്റങ്ങളുണ്ടായി

12. ധീരനായ യതി നോക്കി തന്വി തൻ

ഭൂരി ബാഷ്പ പരിപാടലം മുഖം.

പൂരിതാഭയൊടുഷസ്സിൽ മഞ്ഞു തൻ

ധാരയാർന്ന പനിനീർ സുമോപമം "

കാവ്യഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?

ഉത്തര സൂചനകൾ

#. കണ്ണുനീർ നിറഞ്ഞ ചെമന്നു തുടുത്ത നളിനി മുഖം

#.പ്രഭാതത്തിലെ മഞ്ഞു തുള്ളികൾ വീണു കുതിർന്ന പനിനീർ പോലെ നളിനി മുഖം

# പരിശുദ്ധി ,സൗന്ദര്യം , ദുഃഖം എല്ലാ വർണ്ണിക്കുന്നു

# സൂര്യകിരണങ്ങൾ മഞ്ഞിനെ നീരാവിയാക്കുന്നു. ദിവാകര സാന്നിദ്ധ്യം നളിനിയുടെ ദു:ഖമകറ്റുന്നു.

## 6 മാർക്ക് ചോദ്യം

13. അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ

കുമാരനാശാൻ

ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി
ഞാൻ പൊഴിക്കവേ ഉദിക്കയാണെന്നാ
ത്മാവിലായിരം സൗരമണ്ഡലം

അക്കിത്തം

കാവ്യ ഭാഗങ്ങളിലെ ജീവിത വീക്ഷണം വിശകലനം ചെയ്ത്
ഉപന്യാസം തയ്യാറാക്കുക ?

ഉത്തര സൂചന

#. നളിനി എന്ന കാവ്യത്തിലെ ദിവാകര യോഗിയുടെ ആത്മ സാക്ഷാത്കാരത്തിന്റെ വാക്കുകളാണ് ആദ്യവരികൾ.

#. മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നതിലൂടെ സ്വന്തം ജീവിതം ധന്യമാക്കുന്നവരാണ് അറിവുള്ളവർ എന്നാണ് പ്രസ്തുത വരികളുടെ ആശയം.

#. ഇനിയുള്ള ദിവാകരന്റെ ജീവിതത്തെ ലക്ഷ്യംവെച്ചുള്ള വാക്കുകളാണ്.

#. അക്കിത്തത്തിന്റ വരികളും പരോപകാരം എന്ന ജീവിത ദർശനത്തിലേക്ക് വിരൽചൂണ്ടുന്നു. അന്യരുടെ ദുഃഖത്തിൽ ഒരിറ്റ് കണ്ണീർ പൊഴിക്കാൻ മനസിൽ നന്മയുള്ള വർക്കേ കഴിയൂ.

### അധിക ചോദ്യങ്ങൾ

1. "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ "

കുമാരനാശാൻ

"അവനവനാത്മസുഖത്തിനാചരിക്കുന്നവ
യപരന്നു സുഖത്തിനായി വരേണം. " ശ്രീ നാരായണ ഗുരു

കാവ്യ ഭാഗത്തിലെ ജീവിതവീക്ഷണം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

2. "ഏകുമർദ്ധിയാം പ്രാണി തൻ പ്രിയമൊരിക്കലീശ്വരൻ "
ഈ വരികളെ പാഠഭാഗം സാധൂകരിക്കുന്നതെങ്ങനെ ?

..........................................

## കടൽത്തീരത്ത്

## ഒ.വി.വിജയൻ

**ഓ.**വി.വിജയൻ മലയാളസാഹിത്യത്തിലെ ആധുനികതയ്ക്ക് അടിത്തറ പാകിയ എഴുത്തുകാരനാണ്. 1975 ൽ ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ നിശിതമായ വിമർശനം എഴുത്തിലൂടെ ആവിഷ്കരിച്ച ഇന്ത്യൻ എഴുത്തുകാരിൽ ഒരാളാണ് ഓ.വി വിജയൻ. ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ എന്നീ നോവലുകളും അരക്ഷിതാവസ്ഥ, വിജയന്റെകഥകൾ, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ, എന്റെ പ്രിയപ്പെട്ട കഥകൾ, ഘോഷയാത്രയിൽ തനിയെ (കഥകൾ) ലേഖനങ്ങളും ആക്ഷേപഹാസ്യവും ഓ.വി.വിജയൻ രചിച്ചിട്ടുണ്ട്.

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് ലഭിച്ച അറിയിപ്പനുസരിച്ച് വെള്ളായിയപ്പൻ യാത്ര പുറപ്പെടുന്ന തോടെ കഥ ആരംഭിക്കുന്നു. കൊലപാതക കുറ്റമാരോപിച്ച് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് കണ്ണൂർ ജയിലിൽ കഴിയുന്ന മകനെ കാണാൻ പോകുന്ന വെള്ളായിയപ്പൻ. അയാൾ വായനക്കാരുടെ മനസ്സിൽ ഒരു നീറ്റലായി നിൽക്കുന്നു. കണ്ടുണ്ണി കുറ്റം ചെയ്തോ എന്ന കാര്യത്തിൽ ആർക്കും നിശ്ചയമില്ല. വെള്ളായിയപ്പനൊപ്പം അയൽവാസികൾക്കും സുഹൃത്തുക്കൾക്കും കണ്ണൂരിലേക്ക് പോകണമെന്ന ആഗ്രഹം ഉണ്ടെങ്കിലും പോകുവാൻ പണമില്ല. വഴിയിൽവെച്ച് ഓരോരുത്തരും അവരുടെ ദു:ഖം പ്രകടിപ്പിക്കുന്നുണ്ട്. മൗനം പോലും ശ്രദ്ധേയങ്ങളാണ്. രാവിലെ അഞ്ചുമണിക്ക് വധശിക്ഷ നടപ്പാക്കി. ശവശരീരം ഏറ്റുവാങ്ങുമ്പോൾ വെള്ളായിയപ്പന്റെ കൈയിൽ പണമില്ലാത്തതിനാൽ പട്ടണത്തിന് പുറത്തുള്ള സ്ഥലത്ത് കണ്ടുണ്ണിയെ സംസ്കരിച്ചു. കോടച്ചി കൊടുത്തു വിട്ട പൊതിച്ചോറിൽ നിന്ന് വെള്ളായിയപ്പൻ അന്നം കാക്കകൾക്ക് കൊടുക്കുമ്പോൾ കണ്ടുണ്ണിയുടെ ബലിച്ചോറായി അത് മാറുന്നു.

### ഒരു മാർക്ക് ചോദ്യങ്ങൾ

1. "കാരണവരെ കട്ടാൽ മതി ജയിലിൽ എത്തിച്ചേരാം"

ഈ വാക്കുകളിൽ കാണുന്ന ഭാവം ?

ഉ - പരിഹാസം

2. അപ്പുക്കിളി ഓ.വി.വിജയന്റെ ഏത് നോവലിലെ ശ്രദ്ധേയമായ കഥാപാത്രമാണ് ?

ഉ – ഖസാക്കിന്റെ ഇതിഹാസം

3.. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ മറ

അടിവരയിട്ട പദം വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ് ?

ഉ - ഇരുമ്പഴികളെ

4. " ഇളം ചൂടുള്ള വെള്ളം അതൊക്കെയും ഓർമിപ്പിച്ചു.പുഴ കടന്ന് അപ്പുറം മേട് കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു" എന്തൊക്കെയാവാം വെള്ളായിയപ്പൻ ഓർത്തെടുത്തത് ?

ഉത്തര സൂചന

# അപ്പന്റെ ശവം കുളിപ്പിച്ച്

# മകനെ കുട്ടിക്കാലത്ത് കുളിപ്പിച്ചത്

**4 മാർക്ക് ചോദ്യങ്ങൾ**

5. കടൽത്തീരത്ത് എന്ന കഥയിൽ പൊതിച്ചോറ് നിരവധി ആശയങ്ങളുടെ പ്രതീകമാണ് ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

ഉത്തര സൂചനകൾ

#.വഴിയിൽ വച്ച് ഉണ്ണാനുള്ള പൊതിച്ചോറ്

#. ബലിച്ചോറ്

6. അവസാനത്തെ തിരിഞ്ഞു നോട്ടത്തിനു ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു അടിവരയിട്ട പദം സന്ദർഭത്തെ മികവുറ്റതാക്കുന്നത് എങ്ങനെ ? സവിശേഷതകൾ എഴുതുക

ഉത്തരസൂചന

#.ഒരു നോട്ടത്തിലൂടെ മകന് അന്ത്യയാത്രയരുളുകയാണ് വെള്ളായിയപ്പൻ.

#.മകൻ കൺമുന്നിൽ നിന്ന് മറയുന്നത് വരെ നോക്കി നടന്നു.

7. "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകൾ ആണ് . അത് അങ്ങനെ തന്നെ ഇരിക്കട്ടെ".

അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷമായ അർത്ഥമെന്ത് ?

ഉത്തര സൂചനകൾ

ഉ - ഈ ഭൂമിയിൽ നാം ചെയ്യുന്ന നന്മ പ്രവർത്തികളുടെ കണക്ക് ഈശ്വരൻ സൂക്ഷിക്കും.

**4 മാർക്ക് ചോദ്യങ്ങൾ**

8. "കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിന് വേണ്ടിയായിരുന്നു " ഗ്രാമം ഇങ്ങനെയാണ് വെള്ളായിയപ്പനെ ദുഃഖം ഏറ്റുവാങ്ങിയത് ?

ഉത്തരസൂചന

#കണ്ണൂരിലേക്ക്   വെള്ളായിയപ്പനൊപ്പം പോകണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്
#എന്നാൽ പണമില്ലാത്തതുകൊണ്ട് കൊണ്ട് ആർക്കും പോകാൻ കഴിയുന്നില്ല
#ആ ഉത്തരവാദിത്വം വെള്ളായിയപ്പൻ സ്വയം ഏറ്റെടുക്കുകയാണ് വഴിയിൽ കണ്ടുമുട്ടുന്ന എല്ലാവരുടെയും വാക്കുകളിൽ നിന്ന്  വായനക്കാരന് അവരുടെ ദുഃഖം വായിച്ചെടുക്കാൻ കഴിയും .

9. "ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു .
<u>അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ</u> "

അടിവരയിട്ട വാക്യം കഥാസന്ദർഭത്തെ അർത്ഥപൂർണമാക്കുന്നതെങ്ങനെ ? വിശദമാക്കുക

ഉത്തര സൂചനകൾ

#.വെള്ളായിയപ്പന്റെ ജയിലിലെ കാത്തിരിപ്പ് .
#.ആഗ്രഹം സാധ്യമാക്കാനാണ് ക്ഷേത്രനടയിൽ കാത്തിരിക്കുന്നത് .
#.മകനെ കാണാനായുള്ള വെള്ളായിയപ്പന്റെ പ്രാർത്ഥനാ പൂർണമായ കാത്തിരിപ്പ്.

**6 മാർക്ക് ചോദ്യങ്ങൾ**

10. "കടൽത്തീരത്ത് " എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക

ഉത്തര സൂചനകൾ

#വെള്ളായിയപ്പൻ കണ്ടുണ്ണി എന്നിങ്ങനെ രണ്ട് കഥാപാത്രങ്ങളെ ചുറ്റിപ്പറ്റിയാണ് കഥ വികസിക്കുന്നത് .കൂടാതെ നിരവധി കഥാപാത്രങ്ങൾ കഥയിലുണ്ട്
# വിദ്യാഭ്യാസമോ,  പരിഷ്കാരമോ , ഇല്ലാത്ത ഗ്രാമത്തിൽ ജനിച്ചു വളർന്ന ഒരു കഥാപാത്രമാണ് വെള്ളായിയപ്പൻ
# മകനോടുള്ള സ്നേഹം മാത്രമേ അയാൾക്കുള്ളൂ.
#. വെള്ളായിയപ്പന്റെചിന്തകളിലൂടെയാണ് കഥ പ്രവഹിക്കുന്നത്.
#. കഥയിലുടനീളം ഒളിപ്പിച്ചുവെച്ച മൗനങ്ങളാണ് ആഖ്യാനത്തിന്റെ വലിയ സവിശേഷത.
#ഏതൊരു കലാകാരനും സാമൂഹ്യപ്രശ്നങ്ങളോടുള്ള പ്രതികരണങ്ങൾ എന്ന നിലയിലാണ് കലയെ ആവിഷ്കരിക്കുന്നത്

**അധിക ചോദ്യങ്ങൾ**

1. "കഥയുടെ വൈകാരിക തലത്തെ വർദ്ധിപ്പിക്കുന്നതിൽ ഭാഷ പ്രധാന പങ്കുവഹിക്കുന്നു" കടൽത്തീരത്ത് എന്ന കഥ വിശകലനം ചെയ്തുകൊണ്ട് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

2. "രണ്ടു വാക്കുകൾ മാത്രം വാക്കുകൾക്ക് ഇടയ്ക്ക് സാന്ത്വനത്തിന്റെ നിറവ് " - കടൽത്തീരത്ത് എന്ന കഥയിൽ ഈ വരികൾക്കുള്ള പ്രാധാന്യം വിലയിരുത്തുക.

.....................................................

# അടിസ്ഥാനപാഠാവലി

| യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|
| ജീവിതം പടർത്തുന്ന വേരുകൾ |  പ്ലാവിലക്കഞ്ഞി |
| |  ഓരോ വിളിയും കാത്ത് |
| |  അമ്മത്തൊട്ടിൽ |
| നിലാവ് പെയ്യുന്ന നാട്ടുവഴികൾ |  കൊച്ചുചക്കരച്ചി |

# അടിസ്ഥാനപാഠാവലി

## പ്ലാവിലക്കഞ്ഞി

**തകഴി ശിവശങ്കരപ്പിള്ള**

രണ്ടിടങ്ങഴി - തകഴി ശിവശങ്കരപ്പിള്ള കുട്ടനാടിന്റെ ഹൃദയഭൂമിയായ തകഴി പശ്ചാത്തലമാക്കി എഴുതിയ നോവലാണ് രണ്ടിടങ്ങഴി. കുട്ടനാട്ടിലെ പാവപ്പെട്ട കർഷകത്തൊഴിലാളി ജീവിതം വരച്ചുകാട്ടുന്നു. ഭൂപ്രഭുക്കളുടെ ക്രൂരതകൾക്കും ചൂഷണത്തിനും വിധേയമായി പ്രതികരിക്കാനാവാതെ നിന്നിരുന്ന കുടിയാന്മാർ അനുഭവിക്കുന്ന ജീവിതദുരിതങ്ങൾ അവരുടെതന്നെ ഭാഷയിലവതരിപ്പിക്കുന്നു. രണ്ടിടങ്ങഴിയിലെ 17-മത്തെ അധ്യായമാണ് പാഠഭാഗം. കോരൻ, ഭാര്യ ചിരുത, കോരന്റെ അപ്പൻ - പ്ലാവിലക്കഞ്ഞിയിലെ പ്രധാന കഥാപാത്രങ്ങൾ. കുട്ടനാട്ടിലെ സമ്പന്ന കർഷകൻ പുഷ്പ പവേലിൽ ഔസേപ്പിനറെ പണിക്കാരിൽ ഒരുവനാണ് കോരൻ. ജന്മിയുടെ ഒരേക്കർ നിലം പുരയിടം ആക്കാൻ ഉള്ള ജോലി കോരൻ ഏറ്റെടുത്തു. അതിന് കൂലിയായി നെല്ല് മതിയെന്നാണ് കോരന്റെ ആഗ്രഹം. കോരന് പണം വേണ്ട. എന്നാൽ ജന്മി സമ്മതിക്കുന്നില്ല. അന്നത്തെ കൂലിയുമായി കോരൻ അത്താഴത്തിന് വേണ്ട അരി മേടിക്കാൻ ഇറങ്ങി. കയ്യിലുള്ള പണത്തിന് അങ്ങാടിയിൽനിന്ന് ഒന്നും കിട്ടില്ല. ജന്മിയുടെ അറയിൽ ധാരാളം നെല്ല് ഉണ്ട്. കോരൻ നാല് ചക്രത്തിന് കപ്പയും അരിയും വാങ്ങി കുടിലിലെത്തി. ഭാര്യ അതെല്ലാം പാകപ്പെടുത്തി നൽകി. അത്താഴം കഴിക്കാൻ വിസമ്മതിച്ച ഭർത്താവിനെ സ്നേഹത്താൽ അനുനയിപ്പിച്ചു. ഭാര്യയും അപ്പനും അടങ്ങുന്ന കൊച്ചുകുടുംബം ദിവസങ്ങൾക്കുശേഷം വയറുനിറയെ ഭക്ഷണം കഴിക്കുന്ന നിമിഷങ്ങൾ നോവൽ ഭാഗത്ത് മനോഹരമായി വരച്ചുകാട്ടുന്നു. വർഷങ്ങൾക്ക് ശേഷം മകനെ തേടി എത്തിയ അപ്പനെ കോരൻ കാണുന്ന രംഗവും നോവൽ ഭാഗത്തുണ്ട്. വാർദ്ധക്യവും ദാരിദ്ര്യവും തകർത്തുകളഞ്ഞ അച്ഛന്റെ രൂപം കോരനെ വേദനിപ്പിക്കുന്നു. എല്ലാവർക്കും നെല്ലും ഭക്ഷണവും ഒരുക്കിയ മനുഷ്യൻ കഞ്ഞിക്കായി കൊതിക്കുന്നു. അതു കണ്ട കോരൻ അന്ന് കിട്ടിയ കൂലി കൊണ്ട് അരിയും കപ്പയും വാങ്ങി അച്ഛന് ഭക്ഷണം ഒരുക്കുന്നു. അങ്ങനെ അപ്പന് ഒരുനേരമെങ്കിലും വയറുനിറച്ച് ചോറു കൊടുക്കണം എന്ന ആഗ്രഹം കോരൻ സഫലമാക്കുന്നു.

പ്രധാനകൃതികൾ - ചെമ്മീൻ, ഏണിപ്പടികൾ, കയർ, രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, എരിഞ്ഞടങ്ങൽ (നോവലുകൾ) പുതുമലർ, ഘോഷയാത്ര, അടിയൊഴുക്കുകൾ, തിരഞ്ഞെടുത്ത കഥകൾ ഉൾപ്പെടെ 20 ചെറുകഥാസമാഹാരങ്ങൾ. എന്റെ ബാല്യകാല കഥ, എന്റെ വക്കൽ ജീവിതം (ആത്മകഥകൾ ) ഏണിപ്പടികൾ (കേരളസാഹിത്യ അക്കാദമി അവാർഡ്)കയർ (വയലാർ അവാർഡ്) 1984 ൽ ജ്ഞാനപീഠം,1985 ൽ പദ്മഭൂഷൺ ബഹുമതികൾക്ക് അപർഹനായി.

### ഒരു മാർക്ക് ചോദ്യങ്ങൾ

1. പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗം ഉൾപ്പെടുന്ന കൃതി ?
   ഉ - രണ്ടിടങ്ങഴി
2. രണ്ടിടങ്ങഴി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

ഉ - നോവൽ

3. നെല്ല് കൂലിയായി നൽകാൻ പുഷ്പ ഔസേപ്പ് തയ്യാറാകാത്തത് കാരണം ?
ഉ -നെല്ലിന് നല്ല വില ഉള്ളതിനാൽ.

4. ഏനുമേണ്ട.... എന്നാല് ഏനും കുടിക്കത്തില്ല - ഈ സംഭാഷണങ്ങൾ തെളിയുന്ന ഭാവം
ഉ -പരസ്പര സ്നേഹം

**2 മാർക്ക് ചോദ്യങ്ങൾ**

5. പ്ലാവിലക്കഞ്ഞി എന്ന നോവൽ ഭാഗത്തിൽ ആ കാലഘട്ടത്തിലെ ഏതെല്ലാം സാമൂഹിക അവസ്ഥകൾ പ്രകടമാക്കുന്നു. ?

ഉത്തരസൂചന
#.ജന്മിത്വം കൊടികുത്തി വാണിരുന്ന കാലഘട്ടം.
#.പകലന്തിയോളം പണിയെടുത്താലും പണിക്കാരന് കൃത്യമായി കൂലി ലഭിക്കാത്ത അവസ്ഥ
#.മനുഷ്യത്വത്തിന് വിലകൽപ്പിക്കാത്ത ജന്മി വർഗ്ഗവും നരകയാതന അനുഭവിക്കുന്ന തൊഴിലാളിവർഗവും

6. രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാൽ എന്ത് - ഈ ചിന്തയിൽ കോരനിൽ പ്രകടമാവുന്ന ഭാവങ്ങൾ എന്തെല്ലാം ?
ഉത്തരസൂചന
#പ്രതിഷേധവും പ്രതികരിക്കാനുള്ള വെമ്പൽ കൊള്ളുന്ന മനസ്സും

6. കോരന്റെ ഹൃദയത്തെ നോവിച്ച അപരാധം എന്ത് ?
ഉത്തരസൂചന

#.വൃദ്ധനെ തകഴിയിൽ തനിച്ചാക്കിയിട്ട് താൻ തന്റെ സുഖം തേടി പെണ്ണുമായി മറുനാട്ടിൽ പോയല്ലോ, അക്ഷന്തവ്യമായ അപരാധമാണ് അത് .

7. കണ്ണ് തണുപ്പിക്കുന്ന കാഴ്ചയായിരുന്നു അത്. ഏത് ?

ഉ - നെല്ലിന് രൂപ കൂലിയായി കിട്ടി . അരിയും കപ്പയും വാങ്ങി കോരൻ തിരിച്ചുവന്നപ്പോൾ കുടിലിൽ സംസാരം കേട്ടു. അപ്പൻ മോളെ എന്ന് വിളിക്കുന്നത് കേട്ടു. കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു അത്.

**4 മാർക്ക് ചോദ്യങ്ങൾ**

8. രാത്രിയിൽ കൈനകരി മുഴുവൻ നടന്നപ്പോൾ കോരൻ കണ്ടത് എന്ത് ?
ഉത്തര സൂചനകൾ
#.കരിഞ്ചന്തയിൽ നടക്കുന്ന നെല്ല് വില്പന

#.താനൾപ്പെടെയുള്ള കർഷകർ അധ്വാനിച്ചുണ്ടാക്കിയ നെല്ല് മറുനാട്ടിലേക്ക് കയറ്റി അയക്കുന്നു.

9. കരളലിയിക്കുന്ന ജീവിത മുഹൂർത്തങ്ങൾ അവതരിപ്പിക്കുന്നതിൽ തകഴിയിലെ കഥാകാരൻ എന്നും വിജയിച്ചിരുന്നു. ഈ പ്രസ്താവന പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക?

ഉത്തര സൂചനകൾ

#.കോരനും ചിരുതയും തമ്മിലുള്ള സംഭാഷണങ്ങൾ,

#.കോരനും അപ്പനും തമ്മിൽ കണ്ടു മുട്ടുന്ന രംഗം

#.അപ്പന് കഞ്ഞി കോരി കൊടുത്ത കാര്യം അനുസ്മരിക്കുന്നത് ഇവയെല്ലാം തകഴിയുടെ ഭാവാവിഷ്കരണ പാടവം വെളിവാക്കുന്നു

## 6 മാർക്ക് ചോദ്യം

10. " മുഴക്കരിയിട്ടു തെളപ്പിച്ചു. ഏനാ അത് കുടിച്ചത്. അവൾ കുടിച്ചില്ല. ഏനു കോരിക്കോരിത്തന്നു" ചിരുത കൃതകൃതിയായി.

രണ്ടിടങ്ങഴി എന്ന നോവലിന്റെ ഭാഗമായ പ്ലാവിലകഞ്ഞി വിശകലനം ചെയ്തുകൊണ്ട് "ചിരുത" കഥാപാത്രനിരൂപണം തയ്യാറാക്കുക.

ഉത്തര സൂചനകൾ

#. അധ്വാനിച്ച് വരുന്ന ഭർത്താവിനെ ഭക്ഷണം നിർബന്ധിച്ച് കഴിപ്പിക്കുന്നത്.

#. ഭർത്താവിന്റെ അച്ഛന് ഭക്ഷണം വാരി കൊടുത്തുകൊണ്ട് കഥയിലുടനീളം സ്നേഹസാന്നിദ്ധ്യമാകുന്നത്.

11. "കുട്ടനാട്ടിലെ കർഷകരുടെ ജീവിതാവസ്ഥകൾ വരച്ചുകാട്ടുന്ന നോവൽ ഭാഗമാണ് പ്ലാവിലക്കഞ്ഞി "

ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ ? ലഘു ഉപന്യാസം തയ്യാറാക്കുക.

ഉത്തര സൂചനകൾ

#.കർഷകരുടെ ജീവിതാവസ്ഥകൾ

#.ജന്മിത്വം , ചൂഷണം

#പട്ടിണിയും കഷ്ടപ്പാടും.

#.കുടുംബാഗങ്ങളുടെ സ്നേഹബന്ധം

......................................

## *ഓരോ വിളിയും കാത്ത്*

### *യു.കെ.കുമാരൻ*

ചെറുകഥാകൃത്ത് നോവലിസ്റ്റ് പത്രപ്രവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ് യു.കെ കുമാരൻ. പച്ചയായ ജീവിതം വാക്കുകളിൽ ഒതുക്കി അനുവാചകരുടെ ഹൃദയത്തെ പൊള്ളിക്കുന്ന കഥാകാരനാണ്. തക്ഷൻകുന്ന് സ്വരൂപം, ഒറ്റവാക്കിൽ ഒരു ജീവിതം, കാണുന്നതല്ല കാഴ്ചകൾ, (നോവലുകൾ) അടയാളങ്ങൾ, വന്നുകൊണ്ടിരിക്കുന്നു, അച്ഛൻ, ഓരോ വിളിയും കാത്ത്, (കഥകൾ ) തക്ഷൻകുന്ന് സ്വരൂപം എന്ന കൃതിക്ക് 2016 ലെ വയലാർ അവാർഡ് ലഭിച്ചു.

വാർദ്ധക്യത്തിലെത്തിയ അമ്മയെ പ്രധാന കഥാപാത്രമാക്കി യു.കെ.കുമാരൻ എഴുതിയ കഥയാണ് ഓരോ വിളിയും കാത്ത്. വീട്ടിലെ സജീവ സാന്നിധ്യമായിരുന്ന കുടുംബനാഥന്റെ വിയോഗം കുടുംബാംഗങ്ങളെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് കഥ വ്യക്തമാക്കിത്തരുന്നു. അമ്മയെക്കുറിച്ചുള്ള മകന്റെ വ്യാകുല ചിന്തകൾ കഥയിലുടനീളം ദർശിക്കാം. അച്ഛന്റെ വിയോഗം അമ്മയിലുണ്ടാക്കുന്ന പ്രതികരണങ്ങൾ കഥയിൽ സൂക്ഷ്മമായി പകർത്തി വച്ചിരിക്കുന്നു. ഗ്രാമജീവിതത്തിന്റെ എല്ലാ സവിശേഷതകളും എപ്പോഴും കഥാപാത്രങ്ങളിൽ നിറഞ്ഞ് നിൽക്കുന്നു. ഇണക്കവും പിണക്കവുമൊന്നും പരസ്പര നേഹബന്ധത്തെ ഒരിക്കലും ബാധിച്ചിരുന്നില്ല, ആത്മബന്ധത്തിന് ആഴം വർദ്ധിപ്പിച്ചു കൊണ്ട് ഓരോ പിണക്കവും ഇണക്കത്തിന് വഴി മാറിക്കൊടുക്കുന്നു എന്ന് കഥ നമ്മേ ഓർമ്മിപ്പിക്കുന്നു.

**ഒരു മാർക്ക് ചോദ്യങ്ങൾ .**

1. ഏതോ ദിശയിൽ നിന്ന് അടിച്ച് എത്തിയ <u>കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ മാറിപ്പോയിരിക്കുന്നു</u> അടിവരയിട്ട പദങ്ങൾ നൽകുന്ന സൂചന എന്ത് ?

   ഉ - അച്ഛന്റെ മരണം

2. ഇവിടെ അമ്മയെ തനിച്ച് നിർത്തിയിട്ട് ഞാനെങ്ങനെ പോവാ മകന്റെ വാക്കുകളിൽ തെളിയുന്ന ഭാവം

   ഉ - നിസ്സഹായത /ധർമ്മസങ്കടം

3. "പുതിയ അവസ്ഥയുമായി അമ്മ പതുക്കെ ഇറങ്ങിവരുന്നു "പുതിയ അവസ്ഥ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ?

   ഉ - അച്ഛനില്ലാത്ത വീട്ടിലെ അമ്മയുടെ ജീവിതം

**2 മാർക്ക് ചോദ്യങ്ങൾ**

4. <u>മനസ്സന്റെ ക്ലാവ് പിടിച്ച</u> കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു പ്രയോഗ ഭംഗി വ്യക്തമാക്കുക.

   പ്രായത്താലും രോഗത്താലും അച്ഛൻ ശാരീരികവും മാനസികവുമായി പ്രയാസങ്ങൾ അനുഭവിച്ചിരുന്നെങ്കിലും അച്ഛന്റെ കാഴ്ചപ്പാടുകൾ ശരിയായിരുന്നു.

## 4 മാർക്ക് ചോദ്യങ്ങൾ

5 "വെറുതെ ഒരു ശബ്ദം കേട്ടാൽ മതി അതിനു മറുപടി കൊടുക്കുക എന്നുള്ളത് അമ്മയുടെ സ്വഭാവമായി മാറിയിരിക്കുന്നു" ഭാര്യാ-ഭർത്തൃ ബന്ധത്തിന്റെ എന്തെല്ലാം സൂചനകളാണ് വരികളിൽ തെളിയുന്നത് വിശദമാക്കുക .

ഉത്തരസൂചനകൾ

#. അച്ഛന്റെ വിളികൾക്കു പിന്നാലെ പോകുന്ന അമ്മ.

#. ആ വിളികൾ ഇല്ലാതാകുന്നതോടെ അമ്മ തനിച്ചാവുന്നു.

#.അച്ഛൻ നന്നായി നോക്കിയിരുന്ന വീടിൻ്റേയും പറമ്പിൻ്റേയും ഒക്കെ അവസ്ഥ എന്താകുമെന്ന ആശങ്ക.

6. മരണം ഒരു വ്യക്തിയെ മാത്രമല്ല വ്യക്തി സാന്നിധ്യംകൊണ്ട് സജീവമായി നിലനിർത്തിയിരുന്നത് കൂടിയാണ് കൊണ്ടുപോകുന്നത്, മരണം സൃഷ്ടിക്കുന്ന ശൂന്യത അതാണ്.

ഈ പ്രസ്ഥാവന ഓരോ വിളിയും കാത്ത് എന്ന കഥയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

ഉത്തരസൂചനകൾ

#. അച്ഛന്റെ മരണത്തോടെ വീട്ടിൽനിന്ന് എന്തെല്ലാമോ ചോർന്നുപോയത് പോലെ അമ്മയ്ക്കും മകനും അനുഭവപ്പെടുന്നു

# .അച്ഛൻ രോഗശയ്യയിലായിരുന്നപ്പോൾ പോലും ആ പരിസരത്തിന് ജീവനുണ്ടായിരുന്നു.

#. അച്ഛന്റെ അഭാവം ആ വീടിന്റെ ചൈതന്യം നഷ്ടപ്പെടുത്തിയിരിക്കുന്നു.

## 6 മാർക്ക് ചോദ്യം

7. ഓരോ വിളിയും കാത്ത് എന്ന കഥയിലെ അച്ഛൻ മരിച്ചിട്ടും കുടുംബത്തിലെ സജിമായി അനുഭവപ്പെടുകയാണല്ലോ ? അച്ഛന്റെ ജീവിതമഹത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും നിരീക്ഷണങ്ങളും മുൻനിർത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

**ഉത്തരസൂചനകൾ**

#. "ഓരോ വിളിയും കാത്ത് ' എന്ന കഥയിലെ അച്ഛൻ മരണത്തിനുശേഷം നിറഞ്ഞുനിൽക്കുന്ന അനുഭവമാണ്.

#. ആ വീടിനെ വീടാക്കി മാറ്റിയിരുന്നത് അച്ഛന്റെ സാന്നിധ്യമായിരുന്നു.

#. അമ്മയുടെ ജീവിതത്തിന്. അർഥവും ലക്ഷ്യവും അച്ഛനായിരുന്നു. അച്ഛൻ മരിച്ചെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുവാൻ അമ്മയ്ക്ക് കഴിഞ്ഞിരുന്നില്ല.

#. അസാന്നിധ്യത്തിലും അമ്മയുടെയും മകന്റെയും മനസ്സിലൂടെ കഥയിലുടനീളം നിലനിൽക്കുന്ന ഒരു കഥാപാത്രമാണ് അച്ഛൻ.

## അമ്മത്തൊട്ടിൽ

### റഫീഖ് അഹമ്മദ്

പ്രശസ്ത ചലച്ചിത്രഗാന രചയിതാവ്. 1961 തൃശ്ശൂർ ജില്ലയിലെ അക്കിക്കാവിൽ ജനിച്ചു. സ്വപ്നവാങ്മൂലം, പാറയിൽ പണിഞ്ഞത്, ആൾമറ, ചീട്ടുകളിക്കാർ ശിവകാമി, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, തോരാമഴ (കവിത സമാഹാരങ്ങൾ) കേരള സാഹിത്യ അക്കാദമി അവാർഡ്, ചലച്ചിത്ര ഗാനരചയിതാവിനുള്ള സംസ്ഥാന അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്.

മനുഷ്യബന്ധങ്ങളുടെ വികൃതമായ മുഖം വ്യക്തമാക്കിത്തരുന്ന കവിതയാണ് അമ്മത്തൊട്ടിൽ. അമ്മത്തൊട്ടിൽ അല്ല അമ്മയ്ക്ക് വേണ്ടി മകൻ തിരയുന്ന അമ്മത്തൊട്ടിലായാണ് കവിത മാറുന്നത് . ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി ഒന്നിനും കൊള്ളരുതാത്തവനായി മാറാതിരിക്കാനുള്ള മകന്റെ ശ്രമം ആധുനികകാലത്തെ മക്കളുടെ മനോഭാവത്തെ വെളിവാക്കുന്നു. ഭാര്യയുടെ വഴക്കിനെത്തുടർന്ന് അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങുമ്പോഴും അമ്മയുടെ ദേഹത്ത് പറ്റി കിടന്ന ചൂടും അമ്മയുടെ സ്നേഹവും ബാല്യകാല ഓർമ്മകളും എല്ലാം അയാളെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. അമ്മയെ ഉപേക്ഷിക്കാൻ ആവില്ലെന്ന് തിരിച്ചറിയുമ്പോഴേക്കും മകനെ രക്ഷിക്കാൻ എന്നവണ്ണം അമ്മ യാത്രയാകുന്നു. മക്കൾ തോൽക്കരുത് എന്ന അമ്മമാരുടെ ചിന്തയാകാം അത്. ആധുനിക കാലഘട്ടത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങളുടെ പ്രാധാന്യവും വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതിയ തലമുറയുടെ മനോഭാവവും അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് വിഷയമാകുന്നു. മാതാവിനെ ഗുരുവായൂർ ക്ഷേത്രത്തിൽ നടതള്ളിയതുമായി ബന്ധപ്പെട്ട പത്ര വാർത്തയാണ് കവിതക്ക് ആധാരം. ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി അമ്മയെ ഉപേക്ഷിക്കാൻ ഇറങ്ങുന്നു. ബാല്യകാല അനുഭവവും അമ്മയോടുള്ള സ്നേഹവും മകനെ അതിൽനിന്നെല്ലാം പിന്തിരിപ്പിക്കുന്നു. കവിതയിൽ കവി അവതരിപ്പിക്കുന്ന സംഭവം ഒറ്റപ്പെട്ടതല്ല. കവിത വായിക്കുന്ന ഏതൊരു മനുഷ്യസ്നേഹിയുടെയും ഉള്ളുപൊള്ളും എന്ന കാര്യത്തിൽ സംശയമേതുമില്ല.

## 1 മാർക്ക് ചോദ്യങ്ങൾ

1. മങ്ങി പഴകിയ പിഞ്ഞാണവർണ്ണം എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

   ഉ - വെളിച്ചം നഷ്ടപ്പെട്ട അമ്മയുടെ കണ്ണുകളെ

2. അന്നത്തെ സൂചി പ്രയോഗത്തിന്റെ നീറ്റൽ പോലൊന്ന് മനസിലൂടെപ്പോൾ കടന്നുപോയ് - ഈ വരികളിൽ നൽകുന്ന സൂചന എന്ത് ?

   ഉ - ബാല്യകാല അനുഭവങ്ങൾ ,ആശുപത്രി വാസം, കുത്തിവെയ്പ്പ്

**2 മാർക്ക് ചോദ്യങ്ങൾ**

3. വറ്റിവരണ്ട കൈ ചുള്ളികൾ നീറാതെ മാറിനോട് ചേർത്ത് വെച്ചിട്ടുണ്ട് അടിവരയിട്ട പദത്തിന്റെ പ്രയോഗഭംഗി വ്യക്തമാക്കുക.

ഉത്തരസൂചന -

#. മജ്ജയും മാംസവുമില്ലാത്ത, ആരോഗ്യമില്ലാത്ത, നിവർക്കാൻ കഴിയാത്ത കൈകളാണ് അമ്മയുടേത് എന്ന സൂചന നൽകുന്നു

4 മാർക്ക് ചോദ്യങ്ങൾ

4. "പഴകിയ പിഞ്ഞാണവർണമായി
പാടയും പീളയും മൂടിയ കണ്ണുകൾ "
അമ്മയുടെ അവസ്ഥ വായനക്കാരുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന ചിത്രമാണിത്. കവിതയിലെ സാദൃശ്യ കല്പനകളുടെ ഔചിത്യം പരിശോധിക്കുക.

ഉത്തരസൂചന -

#.കാഴ്ചമങ്ങിയ അമ്മയുടെ കണ്ണുകൾ

#.അമ്മയുടെ വാർദ്ധക്യത്തിലെ അവസ്ഥ

#.പിഞ്ഞാണവർണം എന്ന പ്രയോഗം

5. പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
ട്ടുറ്റം,കുരച്ചത് ചാടിക്കടിക്കുന്നു
അടിവരയിട്ട വരികളുടെ പൊരുളെന്ത്? വിശകലനം ചെയ്ത് കുറപ്പ് തയ്യാറാക്കുക

ഉത്തരസൂചന -

#.മിണ്ടാപ്രണികളുടെ സ്നേഹം

#.അമ്മയുടെ ശ്രദ്ധ ,കരുതൽ

#.പ്രകൃതിയും മിണ്ടാപ്രണികളും മനുഷ്യന് നൽകുന്ന പാഠം

6. എങ്ങിനി കൊണ്ടു ഇറക്കേണ്ടു
സ്വയം ബുദ്ധി കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയിടണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ
അടിവരയിട്ട പ്രയോഗത്തിന് ഔചിത്യം വിശദമാക്കുക

ഉത്തരസൂചന -

#.വിളക്ക് കത്തുന്നത് മറ്റുള്ളവർക്ക് പ്രകാശം കിട്ടാനാണ് .

#.കരിന്തിരി കത്തുമ്പോൾ എല്ലാവരും വിളക്കിനെ അവഗണിക്കുന്നു

#.ജീവിതകാലം മുഴുവൻ മക്കൾക്കായിമാറ്റിവയ്ക്കുന്ന അമ്മമാർ പ്രായമാകുന്നതോടെ മക്കളാൽ ഉപേക്ഷിക്കപ്പെട്ടു

7. ഇപ്പെരുംമാളിന്റെ(ഇപ്പെരുമാളിന്റെ)
തൊട്ടടുത്തായിറക്കിയാലെന്നോർത്തു
പെരുമാൾ എന്ന പ്രയോഗത്തിന്റെ ഔചിത്യം വിശദമാക്കുക.
ഉത്തരസൂചന -

#.മാൾ വലിയ കച്ചവട സ്ഥാപനമാണ് .

#മാളിന് സമൂഹത്തില് /നിത്യജീവിതത്തിൽ കൈവന്നിരിക്കുന്ന അപ്രമാദിത്വം
#.സൂചിപ്പിക്കാനാണ് പെരുമാൾ എന്ന് കവിഉപയോഗിച്ചിരിക്കുന്നത്

8. അമ്മത്തൊട്ടിൽ എന്ന കവിതയിൽ അനുഭവങ്ങളിൽ തെളിയുന്ന ബാല്യകാല അനുഭവങ്ങളെ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?
ഉത്തരസൂചന -
#.സ്കൂളിൽ പോകാൻ മനസ്സില്ലാതെ ശാഠ്യംപിടിക്കുന്ന മകന്റെ അവസ്ഥ
#.വിദ്യാലയത്തിന് മുൻപിൽ അമ്മയുടെ കാത്തിരിപ്പ്
#.അമ്മയെ കാണാനായി മകന്റെ കരച്ചിൽ

9. ആരാണ് മുന്നിൽ ,
പുറത്തേക്കശാന്തനാ
യീശ്വരൻ കാറ്റൊന്നു കൊള്ളാൻ ഇറങ്ങിയോ -
ഈ വരികളുടെ സൂചന വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക
ഉത്തരസൂചന -
#.എന്നും ക്ഷേത്രത്തിൽ പോകണമെന്ന് ആവശ്യപ്പെടുന്ന അമ്മ.
#.മകന് അമ്മയെ ക്ഷേത്രത്തിൽ കൊണ്ടുപോകാൻ സമയമില്ല.
#.ഒടുവിൽ ഉപേക്ഷിക്കാനായി ക്ഷേത്രത്തിൽ കൊണ്ടുപോകുമ്പോൾ ഈശ്വരൻ ശ്രീകോവിലിന് പുറത്തിറങ്ങിയതായി മകന് തോന്നുന്നു.

## 6 മാർക്ക് ചോദ്യങ്ങൾ

10. റഫീഖ് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക ?

ഉത്തര സൂചനകൾ

#. നമ്മുടെ സമൂഹം മുതിർന്ന തലമുറയോട് എങ്ങനെ പെരുമാറുന്നു എന്നതിന്റെ സൂചനയാണ് ഈ കവിതയിലൂടെ കവി ആവിഷ്കരിക്കുന്നത്.

#. ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി അമ്മയെ തെരുവിൽ ഉപേക്ഷിക്കാൻ തയ്യാറാകുന്ന മകൻ.

#. മാൾ,വിദ്യാലയം ,ജില്ലാശുപത്രി,ക്ഷേത്രം എന്നിവിടങ്ങളിലെല്ലാം അമ്മയെ ഉപേക്ഷിക്കുവാൻ ശ്രമിക്കുന്നു .

#മകൻ ആരുടെയും മുമ്പിൽ തോൽക്കാതിരിക്കാൻ വേണ്ടി അമ്മ ജീവൻ വെടിയുന്നു.

..........................................................................

# കൊച്ചുചക്കരച്ചി

## എ.പി.ഉദയഭാനു

എ പി ഉദയഭാനുവിന്റെ തറവാട്ടു വീടായ മുല്ലശ്ശേരിൽ പറമ്പിൽ ഉണ്ടായിരുന്ന നാട്ടുമാവുകളിൽ ഒന്നായ കൊച്ചുചക്കരച്ചിയുടെ പ്രത്യേകതകളും ബാല്യത്തിൽ അതിന്റെ ചുവട്ടിൽ അരങ്ങേറിയിരുന്ന രസകരമായ സംഭവങ്ങളുമാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്. വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവാണെന്ന് ഈ ലേഖനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. മാവ് പൂക്കുന്നതു മുതൽ നാട്ടിൻപുറത്ത് ഉത്സവകാലമാണ്. എന്നാൽ ഇന്ന് കേരളത്തിൽ മാവ് കാണാത്ത കുട്ടികൾ ധാരാളമായി കാണുവാൻ കഴിയും. കുട്ടികളിൽ മാത്രമല്ല കവിതകളിലും മാവിലുള്ള പ്രേമം നമുക്ക് ദർശിക്കാനാവും. ഏറ്റവും ശ്രേഷ്ഠമായ മാവിന്റെ വംശത്തിലാണ് കൊച്ചുചക്കരച്ചി പിറന്നത്. തറവാട്ടുവീട്ടിൽ മാവുകൾ പലതുണ്ടെങ്കിലും മധുരമുള്ളമാങ്ങ തരുന്ന മാവ് വളരെ കുറവാണ്. മാവ് മുറിക്കുവാനും അതുമായി ബന്ധപ്പെട്ട ലഹളകൾ കൂട്ടുവാനുമാണ് ലേഖകന്റെ ശ്രമം എന്നാൽ ഏത് കാലവർഷ കാറ്റിനെയും അതിജീവിച്ചുകൊണ്ട് അത് നിലനിൽക്കുമെന്നാണ് അമ്മയുടെ അഭിപ്രായം. ഏത് കാലവർഷത്തിലും ചക്കരച്ചി വീഴില്ല എന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ 20 വർഷംമുമ്പ് പടിഞ്ഞാറ് ഭാഗത്തേക്ക് മാവ് ചാഞ്ഞുവീണു. ആർക്കും അപകടം വരുത്തിയില്ല അമ്മയുടെ വിശ്വാസം വിജയിച്ചു.

എ.പി.ഉദയഭാനു ആലപ്പുഴ ജില്ലയിലെ മുട്ടത്ത് ജനിച്ചു. മികച്ച ഗദ്യകാരൻ സ്വാതന്ത്ര്യസമരസേനാനി പത്രപ്രവർത്തകൻ നർമ്മ സ്പർശമുള്ള നിരവധി ലളിതോപന്യാസങ്ങളുടെ കർത്താവ് എന്നീ നിലകളിൽ പ്രശസ്തൻ. എന്റെ കഥയില്ലായ്മകൾ, വൃദ്ധവിചാരം, ഓർമ്മയുടെ കണ്ണാടി, കൊച്ചുചക്കരച്ചി, ആനയും അല്പം തെല്ലുകും, അർത്ഥവും അനർത്ഥവും, സംസാരിക്കുന്ന ദൈവം, കളിയും കാര്യവും, ഒന്നാനാം കൊച്ചുതുമ്പി എന്നിവ പ്രധാന കൃതികൾ.

### 1 **മാർക്ക് ചോദ്യങ്ങൾ**

1.. പൂത്തിരി കത്തിച്ച പോലുള്ള <u>മാം പൂക്കുല</u> അടിവരയിട്ട പദത്തിന് വിഗ്രഹാർത്ഥം കണ്ടെത്തുക.

ഉ - മാമ്പൂക്കുല

2. കവികൾ എല്ലാം നാട്ടിൻ പുറത്തെ ഏതെങ്കിലും <u>കൊതിയസമാജത്തിൽ</u> അംഗങ്ങൾ ആയിരുന്നിരിക്കണം അടിവരയിട്ട പദത്തിന് ഏറ്റവും ശരിയായ അർത്ഥം.

ഉ – മാമ്പഴത്തോട് കൊതിയുള്ള സംഘങ്ങൾ

**2 മാർക്ക് ചോദ്യങ്ങൾ**

3. പൂത്തിരികത്തിച്ചപോൽ മാമ്പൂക്കുല ഈ വരികളിലെ സാദൃശ്യ കല്പനയുടെ ഔചിത്യം എന്ത് ?

ഉ – മാവ് പൂത്തിരിക്കുന്നതും പൂക്കൾ കുലകുലകളായി നിൽക്കുന്നതും പൂത്തിരി കത്തുന്ന കാഴ്ചയ്ക്കു സമാനമായ ദൃശ്യഭംഗി നൽകുന്നു.

4. അർത്ഥ വ്യത്യാസം വരാതെ രണ്ടു വാക്യങ്ങൾ ആക്കുക.
വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവ് തന്നെയാണ്.
ഉ - വൃക്ഷങ്ങൾ പലതുണ്ട്.

വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവ് തന്നെയാണ്.

**4 മാർക്ക് ചോദ്യങ്ങൾ**

5. വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവ് തന്നെയാണ് ഈ പ്രസ്താവനയെ ലേഖകൻ സമർത്ഥിക്കുന്നത് എങ്ങനെ ?

ഉത്തര സൂചന

#.മാവ് തളിരിടുമ്പോൾ മുതൽ നാട്ടിൽ പുറത്ത് ഉത്സവമാണ്.

#.ഗ്രാമാന്തരീക്ഷം മാവിന്റെ മൃദുലമായ ഗന്ധം കൊണ്ട് നിറയുന്നു.

#.മാമ്പഴത്തിന് പഴങ്ങളുടെ രാജാവ് എന്ന വിശേഷണം ഉണ്ട്.

#.മാങ്ങാക്കാലം കഴിഞ്ഞാലും പല രൂപഭേദങ്ങളിൽ മാങ്ങ സൂക്ഷിച്ചു വയ്ക്കാറുണ്ട്.

#.മാങ്ങയുടെ അണ്ടിപ്പരിപ്പ് പോലും ഔഷധഗുണം ഉള്ളതാണ്.

6. അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുള്ള ബന്ധം കഥയിൽ എങ്ങനെ പരാമർശിച്ചിരിക്കുന്നു. സൂചനകൾ കണ്ടെത്തി വിശദീകരിക്കുക.

ഉത്തര സൂചന

#. ലേഖകന്റെ അമ്മയും കൊച്ചുചക്കരച്ചിയും തമ്മിൽ വലിയ സ്നേഹത്തിലായിരുന്നു.

#. മാവു ചതിക്കില്ല എന്ന വിശ്വാസമായിരുന്നു അമ്മയ്ക്കുണ്ടായിരുന്നത്.

#. അമ്മയുടെ വിശ്വാസം ജയിക്കുക തന്നെ ചെയ്തു .

7. കൊച്ചുചക്കരച്ചി മാനുഷിക ഭാവങ്ങൾ ഉള്ളതായി അനുഭവപ്പെടുന്ന കഥാസന്ദർഭങ്ങൾ ചൂണ്ടികാണിച്ചു കുറിപ്പ് തയ്യാറാക്കുക ?

ഉത്തര സൂചന

#.തറവാട്ടുവീട്ടിൽ  കുലശ്രേഷ്ഠകളായി രണ്ടു മാവുകൾ ഉണ്ടായിരുന്നു.

#.കൊച്ചുചക്കരച്ചി  നീണ്ടുനിവർന്ന് അധീശ്വരിയെപോലെ നീണ്ടു നിവർന്ന് നിന്നിരുന്നു.

#.തലമുറകൾ ആ വൃദ്ധ മുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്ന് മധുരം തിന്നു.

#.നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിലെ കഥ അവൾ പറയുമായിരുന്നു.

8. മാവിനോടുള്ള പ്രേമം നാട്ടിൻപുറത്തെ കുട്ടികളിൽ മാത്രമല്ല കവിതകളിലും കാണാം എന്ന് ലേഖകൻ സമർത്ഥിക്കുന്നത് എങ്ങനെ?

ഉത്തര സൂചന

#.മാവിനോടുള്ള പ്രേമം നാട്ടിൻപുറത്തെ കുട്ടികളിൽ മാത്രമല്ല കവികളിലും കാണാം .

#. മികച്ച കവിതകളെഴുതുവാൻ  കവികളെ പ്രേരിപ്പിച്ചത്   കൊതിയ സമാജത്തിലെ അനുഭവങ്ങളുള്ളതിനാലാണ് .

#. കവി ഭാവനകളെ ഉദ്ദീപ്തമാക്കിയിട്ടുള്ള വൃക്ഷങ്ങളിൽ പ്രധാനി മാവ് തന്നെയാണ്.

9. യുക്തി ഉള്ളിടത്ത് അല്ലേ യുക്തിവാദം ഫലിക്കൂ.....ഇവിടെ ഭക്തിയും   വിശ്വാസവുമാണ് ലേഖകന്റെ ഈ അഭിപ്രായത്തോടുള്ളനിങ്ങളുടെ പ്രതികരണം തയ്യാറാക്കുക.

ഉത്തരസൂചിക

#. കൊച്ചു ചക്കരച്ചിക്ക് ഒരു ആപത്ത് സംഭവിച്ചു. (തടി ജീർണിച്ചു)

#. മാവ് മുറിച്ചു കളയുക എന്ന യുക്തിയാണ് ലേഖകൻ മുന്നോട്ട് വെച്ചത്

#. കൊച്ചുചക്കരച്ചി വീഴില്ല വീണാലും അവൾ ആപത്ത് വരുത്തില്ല എന്ന ഉറച്ച നിലപാടിലായിരുന്നു അമ്മ.

#. അമ്മയ്ക്ക് മാവിന്റെ കാര്യത്തിൽ ഭക്തിയും വിശ്വാസവും ആയിരുന്നു.

#. ഒടുവിൽ അമ്മയുടെ വിശ്വാസം തന്നെ ജയിച്ചു.

**6 മാർക്ക് ചോദ്യങ്ങൾ**

10. ലാളിത്യവും സൗന്ദര്യവും  ഉള്ള ധാരാളം  വരികൾ ലേഖനത്തിൽ കാണുവാനാകും എ.പി. ഉദയഭാനുവിന്റെ രചനാ ശൈലിയെക്കുറിച്ച് കുറിച്ച് ഉപന്യാസം തയ്യാറാക്കുക

ഉത്തര സൂചന

#. മാങ്ങയുടെ പ്രാധാന്യത്തെക്കുറിച്ച് ഇത്രയ്ക്ക് രസകരമായി പ്രതിപാദിച്ചിട്ടുള്ള സാഹിത്യകാരന്മാർ മലയാളത്തിൽ വളരെ കുറവാണ്

# ഉണ്ണി മാങ്ങപ്പുരുവം മുതൽ മാവിൻ ചുവട്ടിലെ സദ്യ ആരംഭിക്കുകയായി.

#. മുല്ലശ്ശേരി പറമ്പിന്റെ അതിരിൽ നിന്ന ശർക്കര മാവിന്റെ കീഴിൽ അണ്ണാൻ പിറന്നാൾ എന്ന മഹായജ്ഞം നടത്തുന്നതിന്റെ വർണ്ണന വളരെ രസകരമാണ് ആണ്.

#. ഇന്നത്തെ തലമുറയ്ക്ക് തികച്ചും അജ്ഞാതമായ അപരിഷ്കൃതമട്ടുകളാണ് ലേഖകൻ വിവരിക്കുന്നത്.

#. മാവിനോടുള്ള പ്രേമം കുട്ടികളിൽ മാത്രമല്ല കവികളിലും കാണാം.

#കൊച്ചു ചക്കരച്ചിയുടെ പ്രാധാന്യം  കുടുംബപശ്ചാത്തലത്തിലാണ് ലേഖകൻ വിവരിക്കുന്നത് .

# നാട്ടാചാരങ്ങൾക്കും വിശ്വാസപ്രമാണങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ലളിതമായ ശൈലി.

............................................